E 377
2462
E 397

# ഇന്ദിര



എം. ആർ. കൃഷ്ണവാരിയർ, ബി. ഏ., എൽ. ററി.

M. R. Krishnan Nair.
Form VI.

2462

# ഇന്ദിര

ഗ്രന്ഥകർത്താ,

എം. ആർ. കൃഷ്ണവാരിയർ, ബി. ഏ., എൽ. റ്റി.

---

പ്രകാശകൻ,

എസ്സ്. ആർ. ബുക്ക് ഡിപ്പോ,

തിരുവനന്തപുരം.

---

പകർപ്പവകാശം, എം. സരസ്വതി അമ്മയ്ക്ക്.

---

ശ്രീധരപ്രസ്സ്, തിരുവനന്തപുരം.

1112

കാപ്പി 2250] [വില ചക്രം ഒന്നു.

# അവതാരിക.

---

സരസകവിവയ്യനായ ശ്രീമാൻ എം. ആർ. കൃഷ്ണ വാരിയർ ബി. ഏ., എൽ. ററി. യുടെ അനുഗൃഹീതമായ തൂലികയിൽനിന്നു പിനിഗ്ഗമിക്കുന്ന ഒരു മനോഹര നവീനകാവ്യമാണു് 'ഇന്ദിര'. വീരമാർത്താണ്ഡവമ്മ മഹാരാജാവിൻെറ വാഴ്ചക്കാലത്തു ധൂർത്തനായ ഒരു ചാരൻെറ അപചാരം നിമിത്തം വിവാഹം മുടങ്ങി, സ്വദേശത്തിൽ നിന്നു ബഹിഷ്കൃതയായി, വിദേശവാസദുഃഖം അനുഭവിക്കേണ്ടിവന്ന ഒരു നായികയുടെ ചരിത്രമാണു് ഇതിൽ കവി ചിത്രണം ചെയ്തിരിക്കുന്നതു്. 'ഇന്ദിര' ഒരു കുലീനയും സൽഗ്ഗുണസമ്പന്നയുമായ നായർ യുവതിയാകുന്നു. ദാമ്പത്യസൌഖ്യം ലഭിക്കുവാൻ ദുദ്ദൈവം അനുവദിക്കുന്നില്ലെങ്കിലും അതുകൊണ്ടു് ആ സ്ത്രീരത്നം ഭഗ്നോത്സാഹയാകുന്നില്ല; ലോകസേവചെയ്തു് തൻെറ ജന്മത്തെ ചരിതാത്ഥമാക്കുന്നു. മാതൃമരണം, കാമുകവിയോഗം, പിതൃനിയ്യാണം, മുതലായി തനിക്കു നേരിടുന്ന വിവിധദുഃഖങ്ങളെ ആ മനസ്വിനി ധൈയ്യസമേതം സഹിക്കുന്നു; ഒടുവിൽ സകല സങ്കടങ്ങൾക്കും കാരണഭൂതനായ ചാരപ്രമാണി കുഷ്ഠരോഗാത്തനായി തൻെറ ആതുരശാലയിൽ ചെന്നു ചേരുമ്പോൾ അവനെ സകരുണം ശുശ്രൂഷിക്കുന്നു; അവൻ മരിക്കുമ്പോൾ

"പങ്കസ്ഥിതൻെറ ചരിതത്തിലഹോ! തനിക്കു
പങ്കല്പമുള്ളതു ധരിച്ചവൾ തൻെറ കണ്ണിൽ

> തങ്കപ്പളുങ്കുമണിരണ്ടു ജനിച്ചു;ദൈവ-
> സങ്കല്പമത്ഭുതമഹാത്ഭുതമായിരിപ്പൂ."

എന്നു കവി വർണ്ണിക്കുന്നവിധത്തിൽ കണ്ണുനീർ വാക്കുന്നു. ഇന്ദിരയുടെ ജീവിതത്തിൽ നിന്നു പല പാഠങ്ങളും ഇന്നത്തെ യുവതികൾ പഠിക്കേണ്ടതുണ്ടു്. അവയെ വ്യങ്ഗ്യമൎയ്യാദയിൽ ശ്രീമാൻ കൃഷ്ണവാരിയർ അവിടവിടെ ആവിഷ്കരിച്ചിരിക്കുന്നതു് അത്യന്തം ഹൃദയങ്ഗമമായിരിക്കുന്നു.

'ഭാൎഗ്ഗവി' 'ഭാഗീരഥി' 'ഭവാനി' 'കുരുംബ' 'തേവൻ' മുതലായ കൃതികൾ ഈ സംസ്കൃതഹൃദനായ കവി അദ്ദേഹത്തിൻെറ, സർവ്വഭൂതഹിതേരതിയേയും സാധുജനോപകാരപരതയേയും വേണ്ടതുപോലെ വെളിപ്പെടുത്തീട്ടുണ്ടു്. പ്രകൃതിവർണ്ണനത്തിൽ വാരിയൎക്കുള്ള പാടവം അന്യാദൃശമാണെന്നു 'പ്രകൃതി'മുതലായ ഗ്രന്ഥങ്ങൾ ഉൽഘോഷിക്കുന്നു. ഇന്ദിരയിൽ അകൃതകമായ ഒരു രാമണീയകം ആദ്യന്തം കളിയാടുന്നുണ്ടു്; അതിലെ അവിച്ഛിന്നമായ ശബ്ദപ്രവാഹം ആരെയും അത്ഭുതാനന്ദപരവശരാക്കുവാൻ പൎയ്യാപ്തമാണു്. താഴെ കാണുന്ന പദ്യങ്ങൾ നോക്കുക:—

> മററാരുമല്ലിവളെമാലയിടേണ്ട,തെൻെറ-
> യുററാളുമൊററയവകാശിയുമായ രാമൻ
> തെററാതെതെല്ലുമന്യൂപനിവൎക്കു; തമ്മിൽ-
> പ്പററാതിരുന്നിടുകയില്ലിവർ ജീവിതത്തിൽ.

> ആശാൻെറജാതകപരീക്ഷകളാലനല്പ-
> മാശാസ്യമായൊരുപൊരുത്തമിവൎക്കു തമ്മിൽ
> ആശാനുകൂലമിഹ കണ്ടു; വരാൎത്ഥമെന്തി-
> ന്നാശാന്തരങ്ങളിലിനിത്തിരയുന്നു നമ്മൾ ?

ഇനി മറെറാരു രങ്ഗം പരിശോധിക്കുക :—

താപോദയം ഹ്വദി; തലയ്ക്കു സഹസ്രകോടി-
ദീപോപമാക്ഖരരശ്മികൾ; കാൽച്ചുവട്ടിൽ
തീപോലെ കാഞ്ഞ മണൽ; ദുർവിധിതൻെറ ചണ്ഡ-
കോപോൽകടതാപമിവകൊണ്ടവരന്നറിഞ്ഞു."

അടിയിൽ ഉദ്ധരിക്കുന്ന പദ്യം കവിയുടെ കല്പനാ കൌശലത്തിനു മകുടോദാഹരണമായി ശോഭിക്കുന്നു.

"ചാരപ്രയോഗഫലമാണു മഹാവിപത്തി-
ന്നാരംഭമെന്നു തെളിയിപ്പതിനെന്നപോലെ,
ചാരത്തണഞ്ഞൊരുസമീരനടിച്ചുയന്ന
ചാരക്കണിക്കളി ഭയങ്കരമായിരുന്നു."

ഇങ്ങനെ യാതൊരു കേടും കോട്ടവുമില്ലാത്തവയെന്നു പറഞ്ഞാൽ പോരാ, സർവാങ്ഗസുന്ദരങ്ങളായ പദ്യങ്ങൾ എത്രവേണമെങ്കിലും ഇന്ദിരയിൽനിന്നുദാഹരിക്കാവുന്നതാണ്. വളരെക്കാലമായി എൻെറ ഒരു പ്രാണസുഹ്വത്തെന്ന നിലയിൽ ഞാൻ കരുതിപ്പോരുന്ന ഈ ഉത്തമകവിയുടെ ലബ്ധപ്രതിഷ്ഠതയും യശസ്സമൃദ്ധിയും നോക്കിയാൽ ഈ ഗ്രന്ഥത്തിന് ഒരവതാരികയുടെ ആവശ്യമില്ല; ഇതു വായിച്ചപ്പോൾ എനിക്കു തോന്നിയ അഭിപ്രായം ഞാൻ ഇത്തരത്തിൽ ഒന്നു രേഖപ്പെടുത്തുകയല്ലാതെ മറെറാന്നുമിവിടെ ചെയ്യുന്നുമില്ല. ശ്രീമാൻ കൃഷ്ണവാരിയർക്കു കാവ്യാധ്വാവിൽ ഉത്തരോത്തരം ശ്രേയോഭിവൃദ്ധിയെ കാംക്ഷിച്ചുകൊണ്ടും ഇന്ദിരയ്ക്കു സർവസിദ്ധികളേയും ആശംസിച്ചുകൊണ്ടും തൽകാലം വിരമിച്ചുകൊള്ളുന്നു.

തിരുവനന്തപുരം,
13—12—1110

ഉള്ളൂർ എസ്. പരമേശ്വരയ്യർ.

# അഭിപ്രായം.

---

ശ്രീമാൻ എം. ആർ. കൃഷ്ണവാര്യരവർകളുടെ കവിത വായിച്ചു രസിക്കാത്ത മലയാളികളുണ്ടോ എന്നു സംശയമാണ്. ഛന്ദോവൃത്തങ്ങളിൽ പ്രാസത്തോടുകൂടിയും അല്ലാതേയും ഒന്നാന്തരം പദ്യങ്ങളെഴുതുന്നതിനു പണ്ടേ സവ്യസാചിത്വം സമ്പാദിച്ചിട്ടുള്ള ഈ കവി ഖണ്ഡകാവ്യങ്ങൾ മാത്രം എഴുതുന്നതുകൊണ്ടു മഹാകവി പദത്തിന് അർഹനാകാതിരിക്കണമെന്നില്ല. ഈയ്യിട എഴുതി പ്രസിദ്ധപ്പെടുത്തീട്ടുള്ള 'ഭാർഗ്ഗവി', 'ഭാഗീരഥി', 'ഭവാനി', എന്നീ മൂന്നു ലഘുകാവ്യങ്ങളും ഇപ്പോൾ നിരൂപണവിഷയമായ 'ഇന്ദിരയും' പ്രസ്തുത സ്ഥാനം നൽകുന്നതിനു പര്യാപ്തങ്ങളെന്ന് ഏതു സഹൃദയനും സമ്മതിക്കുന്നതാണ്.

എട്ടുവീട്ടിൽ പിള്ളമാരും അവരുടെ ബന്ധുക്കളും "ക്രൂരോഗ്രശിക്ഷയുടെ ഭക്ഷണമായിത്തീർന്ന" കാലഘട്ടത്തിൽ നാഞ്ചനാട്ടിലെ ഒരു ഇടപ്രഭുവായ മാനാന്തര മാത്തു പിള്ളയുടെ മകളായി വളർന്നുവന്ന ഇന്ദിര പിതൃഭാഗിനേയ രാമൻെറ സതീർത്ഥ്യയും പ്രിയതമയുമായിത്തീർന്നു. അന്ന് ആ പ്രഭുമന്ദിരത്തിൽ ആതിഥ്യം സ്വീകരിച്ച് വേഷപ്പൂന്നനായി വാണ ഒരു ചാരൻെറ ദൃഷ്ടിപഥത്തിൽ അവൾ അകപ്പെടുകയും, 'അവനുളവായ നീചമാരോഗ്രതൃഷ്ണ' നാൾക്കുനാൾ ദൃഢമായിത്തീരുകയും ചെയ്തു. ഒരു ദിവസം അവൾ 'വിനോദവ്യായാമ കാംക്ഷയോടു' കൂടി

ഭവനപരിസരങ്ങളിൽ സഞ്ചരിക്കുമ്പോൾ അയാൾ അടു ത്തു ചെന്നു് പ്രണയപ്രാൎത്ഥന ചെയ്യുകയും എന്നാൽ അതു വിഫലമായിത്തീരുകയും എന്നുമാത്രമല്ല ആകസ്മികമായി അവിടെ ചാടിവീണ രാമനുമായുള്ള മല്ലയുദ്ധത്തിൽ അയാൾ അവശനായി മടങ്ങുകയും ചെയ്തു.

വൈരനിൎയ്യാതനബുദ്ധിയോടുകൂടി തലസ്ഥാനത്തു ചെന്നു ചേൎന്നതിന്റെ ശേഷം, മന്ത്രിയെ തെററിദ്ധരിപ്പിച്ചു് ഏതാനും പടയാളികളോടുകൂടി ചാരൻ ഇന്ദിരയുടേയും രാമന്റെയും വിവാഹം നടക്കുന്ന മുഹൂൎത്തത്തിൽ അവിടെ പ്രവേശിച്ചു് ആ ശുഭകൎമ്മം മുടക്കി, ഇന്ദിരയേയും മാതാപിതാക്കന്മാരേയും, വരനായ രാമനേയും ബന്ധിച്ചു്, വീടിനു തീവയ്ക്കയും, അമ്മ മൃതിയടയുകയും, ശേഷിച്ചവർ ബഹിഷ്കൃതരാവുകയും ചെയ്യുന്നു. ഇതെല്ലാം ചാരന്റെ ഗൂഢോപജാപഫലങ്ങളാണെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. മാതുപിള്ള ഇന്ദിരയെ സമാശ്വസിപ്പിച്ചു് രാമനെ അന്വേഷിച്ചു തീൎത്ഥയാത്ര ചെയ്യുന്നതും, രാമേശ്വരം, കാശി മുതലായ പുണ്യസ്ഥലങ്ങളെ സന്ദൎശിച്ചതിനു ശേഷം വൃന്ദാവനത്തിലെത്തുന്നതും, അവിടെ വച്ചു് അയാൾ മൃതിയടയുന്നതും, ഇന്ദിര ഗോപവനിതമാരുടെ സഹായത്തോടുകൂടി സംസ്കാരക്രിയകൾ നിൎവ്വഹിച്ചു്, പരോപകാരപ്രദമായ സംസ്കൃതാദ്ധ്യാപനം, ആതുരശുശ്രൂഷ മുതലായ കൃത്യങ്ങളാൽ ആയുശ്ശേഷം അവിടെ നയിക്കുന്നതും, കുഷ്ഠരോഗം പിടിപെട്ടു് ചാകാറായ ചാരൻ ആതുരശാലയിലെത്തി നായികയുടെ ആതിഥ്യം സ്വീകരിച്ചു പശ്ചാത്തപിച്ചു മരിക്കുന്നതും ഒടുവിൽ രാമനും ഒരു

വയോധികയോഗിയായി അവിടെ ചെന്നു ചേരുന്നതും ഈ വിധത്തിൽ ഇന്ദിരാരാമന്മാർ വീണ്ടും ഒരുമിച്ചു ചേന്നു "സാധുജനസേവന ശ്രീവിശുദ്ധി വഴി പോയി" ആത്മമുക്തിപദം പ്രാപിക്കുന്നതുമാകുന്നു കഥാശേഷം.

എട്ടുവീട്ടിൽപിള്ളമാരുടെ രാജദ്രോഹമൊ രാജ്യദ്രോഹമോ ഒരു കഠിനാപരാധമാക്കി ഒരു ശതാബ്ദത്തിലധികം കാലമായി കഥാകൃത്തുകളും കവികളും അവരുടെ മനോധമ്മം പ്രകടിപ്പിക്കുന്നതിന്നു യത്നിച്ചു കാണുന്നതുകൊണ്ട് ഈ മിത്ഥ്യാപവാദം പുരാണത്തിലെന്നപോലെ ഒരു പ്രഖ്യാതമായ ഇതിവൃത്തമായിത്തീന്നിരിക്കുന്ന സ്ഥിതിക്ക് നമ്മുടെ കവി കഥാവിഷയ സ്വീകരണത്താൽ അധിക്ഷേപാർഹനായിത്തീരുമെന്നു തോന്നുന്നില്ല. എന്നുതന്നെയുമല്ല, മാത്തുപിള്ളയുടേ രഹസ്യപ്രഖ്യാപനത്തിൽ,

"ആവശ്യമല്ലൊരനുതാപമതിന്നു രാജ്യ
സേവയ്ക്കുഞാൻഹൃദയസാക്ഷിയെലക്ഷ്യമാക്കി
ആവണ്ണമന്നുപെരുമാറിയതാണു ശുദ്ധ
ദൈവത്തിനൊക്കെയറിയാം പരമാത്ഥസാരം."

എന്നു പറയിപ്പിച്ചിട്ടുള്ള കവിയുടെ ഹൃദയാന്തർഭാഗം നമുക്കു നല്ലപോലെ തെളിഞ്ഞു കാണാവുന്നതുമാകുന്നു. എന്തായാലും ഈ വിഷയത്തേപ്പററി ഇതിലധികം ഉപന്യസിക്കണമെന്നു വിചാരിക്കുന്നില്ല.

എന്നാൽ കഥാബന്ധം ആനുഷംഗികളായ പല വണ്ണനകൾക്കും കവിയ്ക്കു സൌകയ്യം നൽകുന്നുണ്ടെന്നുള്ള വസ്തുത നാം ഗ്രഹിക്കേണ്ടതാകുന്നു. കേരളീയരുടെ ചിരപരിചിതങ്ങളായ പല ഏപ്പാടുകളും ആധുനികപരിഷ്കാര

പ്രവാഹത്തിലകപ്പെട്ട നാമാവശേഷങ്ങളായി തീൎന്നേക്കാമെന്നുള്ളതുകൊണ്ട് ആ വകയ്ക്കു് ഒരു കലവറയായിത്തീരുന്ന സാഹിത്യം നിശ്ചയമായും അമൂല്യമെന്നു തന്നെ പറയാം. മിസ്റ്റർ വായ്യരുടെ നാട്ടുംപുറത്തു്

"ഗ്രാമാവനീപരിസരങ്ങളിലുള്ള മഞ്ജു
ശ്യാമാഭിരാമത കലൎന്ന കൃഷിസ്ഥലങ്ങൾ,
വ്യോമാംശമെന്നപടി വിസ്തൃതി പൂണ്ടു ശാലി
സ്തോമാഭ, തൂമുകിലു പോലെ, യണിഞ്ഞിരുന്നു.
"താണാറവ വക്കുകളിലുള്ള തളിർ ക്കൊടിപ്പു
ല്ലൂണാക്കിയും, പുഴയിലെക്കളിരുള്ള വെള്ളം
വേണാട്ടിലുള്ളമൃതു പോലെ നുകൎന്നുമേറെ
ച്ചേണാൎന്ന ഗോക്കളിവിടെ ക്കുടി പാൎത്തിരുന്നു."

അന്നത്തെ ഭവനത്തിന്റെ (വിശേഷിച്ചും ദക്ഷിണതിരുവിതാംകൂറിലെ) ഒരു രമ്യമായ ചിത്രം കവി നൽകുന്നുണ്ട്.

"അററത്തു ഭിത്തികളുയൎത്തി നടുക്കു വാത
ലൊററയ്ക്കു നാട്ടിയ കിഴക്കുവശത്തു മദ്ധ്യേ
മുററത്തു കൃഷ്ണതുളസിച്ചെടി ധൎമ്മലോപ
ക്കുററത്തിനാക്കു മസിവല്ലരിയായ്‌വളൎന്നു."

കൊയ്ത്തുകാലവൎണ്ണന മുഴവൻ ഇവിടെ പകൎത്താൻ നിവൃത്തിയില്ലാതെ പോയതിൽ ഖേദിക്കുന്നു.

"അമ്മക്കളും പ്രിയരുമൊത്തവരായതിഞ്ചി (കഞ്ഞി, പൂർവ്വശ്ലോകം.)
ച്ചമ്മന്തി കൂട്ടി യണികുമ്പ നിറെ ക്കുടിച്ചു;
അമ്മച്ചിമാരുടെ നിലയ്ക്കു മുതിൎന്ന കൊച്ചു
പെമ്മക്കളെക്കൂടില്ലു കാവലിനും നിരുത്തി.

"പെണ്ണുങ്ങളൊക്കെ യരിവാളുമെടുത്തു തെല്ലു
മണ്ണുള്ള കല്ലിലതു തേച്ചു മിനുക്കി വേഗം
ഉണ്ണുന്നതിന്നു വഴി നോക്കിയിറങ്ങി; നീണ്ട
കണ്ണുത്സവത്തിനുസമം വിളഭൂമികണ്ടു."

അതുപോലെ തന്നെ വിവാഹപ്പന്തലിൽ,

"പച്ചപ്പനങ്കുലയൊടും കുലവാഴ കെട്ടി
വെച്ചഞ്ചിത ദ്യുതിയെഴുന്ന കരിക്കു ചാർത്തി,
ഉച്ചത്തിലെത്തിയൊരു പന്തലിനുജ്വലിച്ചു
തച്ചൻെറ വേലയുടെ ഭംഗി തഴച്ചു കണ്ടു."

എന്നിങ്ങനെ വർണ്ണനകളുടെ തന്മയത്വം കാണിക്കാൻ ഞാനുദ്ധരിച്ചു തുടങ്ങിയാൽ അനന്തമായിത്തീൎന്നേക്കാം.

ഇനി കവിതാരീതിയെപ്പററി പറയുകയാണെങ്കിൽ,

"കനക്കു മൎത്ഥവും സുധ കണക്കെ പ്പദ നിരയും
ഇണക്കം കലൎന്നു രമ്യം ജനിക്കും നൽ സാരസ്വതം"

എന്നു ഉണ്ണായി വാൎയ്യർ പാടിയതു തൻെറ വംശത്തിലെ ഭാവികവിയായിത്തീരാനിരുന്ന ഗ്രന്ഥകാരൻെറ കവിതാഗുണത്തെക്കൂടി ദീൎഘദൎശനം ചെയ്തല്ലയൊ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

എന്തെന്നാൽ ചമൽക്കാര സാര ഭൂയിഷ്ഠങ്ങളായി താഴെ കാണുന്ന

"ഘണ്ടാമണിക്കു മധുരസ്വര മെന്നപോലെ"

"മതിപ്രസാദം കൈവന്നു കൈരവസുമപ്രദമെന്ന
പോലെ"

"**മുരുക്കു മരമായിര മൊത്തു പൂത്തു
ശോണാഭമായ കുസുമങ്ങളണിഞ്ഞ പോലെ"

"വിദ്യാലയത്തിലൊരു വാർഷിക യോഗവും ന
ല്ലുദ്യാന സീമ്നി മധു മാസവുമെന്നപോലെ"

ഉപമകൾ പോലെയുള്ള നല്ല അലങ്കാരങ്ങളും,

"കാഷായ വസ്ത്ര പരിശീലനവും സമസ്ത &c."

ഇത്യാദി സാരോപദേശങ്ങളും,

"രാമാഖ്യ നൽക്കടമഹേശ ധനുസ്സുപോലെ &c."

ഇങ്ങനെയുള്ള ഭാഗങ്ങളിൽ കാണുന്ന ധ്വനിയും

"ലീലാ വിലാസ തരുപംക്തി വിശാലപത്ര
മാലാ സുമാവലി ഫലാളികളോടുകൂടി"

എന്ന മട്ടിൽ ആദ്യന്തം കാണുന്ന അനുപ്രാസാദി ശബ്ദാലംകാരങ്ങളും,

"ചാണക്യ സൂത്ര പഠനം വഴിയായി ബുദ്ധി
ചാണക്കു വച്ചിതു;"

എന്നിത്യാദി അനാഡംബരങ്ങളായ വ്യംഗ്യഫലിതങ്ങളും, സാർവ്വത്രികമായിക്കാണുന്ന ദ്വിതീയാക്ഷരൈകരൂപ്യ പ്രാസവും, വിശിഷ്യ ഈ കൃതിയിലെ ഭക്തിരസദ്യോതകങ്ങളായ പുണ്യസ്ഥല വർണ്ണനകളും, എല്ലാംകൂടി നോക്കിയാൽ, സരസ്വതിയുടെ വരപ്രദാനം കവിവര്യനായ ശ്രീമാൻ കൃഷ്ണവാര്യരിലും സവിശേഷം സഫലമായിട്ടുണ്ടെന്നു പറഞ്ഞു ഈ അഭിപ്രായം അവസാനിപ്പിക്കാനെ നിവൃത്തിയുള്ളു.

തിരുവനന്തപുരം
14—12—1110

പി. അനന്തൻ പിള്ള.

# അഭിനന്ദനം.

മാന്യസുഹൃത്തേ,

താങ്കളുടെ 'ഇന്ദിര' ഈ പല ജോലിത്തിരക്കിനിടയിലും ആദ്യന്തം അതിശ്രദ്ധയോടേ ഞാൻ വായിച്ചു. ഒട്ടൊരു ഇരുപത്തഞ്ചു വർഷമായി താംകളുടെ നിസ്സീമ സാഹിത്യവൈദഗ്ദ്ധ്യത്തേ ആദരിച്ചു വരുന്ന കേരളീയക്ക് താംകൾ നവമായ ഒരു സമ്പത്തുക്രുടി നൽകുകയാണു ചെയ്തിട്ടുള്ളതു്. കളംകലേശമില്ലാത്ത കവിതാരീതി, സുസ്ഫുടവും ഹൃദ്യവും ആയ ആശയഗതി, എപ്പോഴും അത്യുൽകൃഷ്ടമായ ലക്ഷ്യം ഇവ താങ്കളുടെ സ്വായത്തമാണെന്നു് എല്ലാ ഭാഷാഭിമാനികൾക്കും അറിവുള്ളതാണല്ലോ. പദദാരിദ്ര്യവും ആശയദൌർല്ലഭ്യവുംകൊണ്ടു് ദ്രാവിഡരീതി തേടി സാഹിത്യത്തിൻെറ പ്രൌഢമനോഹാരിതയെ നശിപ്പിക്കുന്ന ഇന്നത്തെ യുവകവികൾ ഏവംവിധങ്ങളായ കൃതിതല്ലജങ്ങൾ ഹൃദിസ്ഥമാക്കേണ്ടതു തന്നെയാണു്. ആക്കും നിഷ്പ്രയാസം ഗ്രഹിക്കാവുന്ന ഒരു കഥ ചരിത്രസ്ഥിതികളിൽ ആവരണം ചെയ്തു് ഏററവും ആകർഷകമായ രീതിയിൽ പ്രതിപാദിക്കുകയാണു ചെയ്യുന്നതു്. കേരളത്തിനു പ്രത്യേകമായുള്ള കാലഭേദങ്ങളും, കർഷകജീവിതരീതികളും, പ്രകൃതി സൌകുമാര്യങ്ങളും ഇതിൽ അത്യന്തം ഭംഗിയോടെ വർണ്ണിക്കപ്പെട്ടിട്ടുണ്ടു്. അതും പോരാഞ്ഞിട്ടു്, നായികയുടെ തീർത്ഥയാത്ര അവലംബിച്ചു് പ്രാചീനഭാരതത്തിലെ പല പ്രധാനസ്ഥലങ്ങളിലേക്കു വായനക്കാ

രെ സഞ്ചരിപ്പിക്കുകയും ചെയ്യുന്നു. ഉദ്യോഗഭിക്ഷക്കൂടാതെയുള്ള ഗൃഹജീവിതം ഇത്ര ആനന്ദപ്രദമാണെന്ന് നമ്മുടെ ചെറുപ്പക്കാർ അറിഞ്ഞിരിക്കേണ്ടതു തന്നെയാണ്. മനോമോഹനമായ കവിതാശയ്യയെക്കുറിച്ച് പുതുതായി യാതൊന്നും പറയേണ്ടതായ ആവശ്യവുമില്ലല്ലൊ. താങ്കളുടെ ഇതരകൃതികളിൽ എന്നപോലെ നിർവ്യാജവും സുസ്ഥിരവും ആയ സാധുജനസേവനം ഇതിലും അത്യന്തം ശ്രദ്ധാർഹമായി പൊന്തിനിൽക്കുന്നു. ഇതുപോലെ പല ഉത്തമകാവ്യങ്ങളും താങ്കളിൽ നിന്ന് കൈരളി ആശിക്കുന്നുണ്ടെന്നുകൂടി പറഞ്ഞു കൊള്ളട്ടെ.

സ്വന്തം ഇ. വി. കൃഷ്ണപിള്ള.

ശ്രീകൃഷ്ണവിലാസഗ്രന്ഥശാല
2462
E 987

# ഇന്ദിര

അന്നത്തെ രാഷ്ട്രീയാന്തരീക്ഷം.

‘മാർത്താണ്ഡമന്ദിര’ മുഖാഷ്ട ഗൃഹങ്ങ, ളുഗ്ര-
മാർത്താണ്ഡതപ്തവിഷശാഖികളെന്നപോലെ,
‘മാർത്താണ്ഡവർമ്മ’ നൃപശക്തി പതി,ച്ചവാര്യ-
മാർത്താണ്ഡദേവതനയാഭിമുഖങ്ങളായി. ൧

ആരാജകീയശിതശാസനകൊണ്ടു മൂല-
വേരാടിയാഞ്ഞിവ മുറിഞ്ഞു മറിഞ്ഞു വീണു;
നേരായ വശ്ക്കുണിയണിഞ്ഞു പുണർന്നു പൂത്ത
വാരാർന്ന വല്ലികളുമാശു നിലംപതിച്ചു. ൨

‘രാമയ്യ’ മർദ്ദനനയം, പ്രളയാവസാന-
ഭീമപ്രചണ്ഡതരമാരുതനെന്നപോലെ,
ആ മന്ദിരങ്ങളെയടിച്ചുപൊളി,ച്ചുദഗ്ര-
സാമർത്ഥ്യവായ്പൊടു സമുദ്രനിരപ്പിലാക്കി. ൩

ഓരോപ്രഭുക്കളുപജാപ വിധേയരായ-
താരോ? പരം പ്രബലരെങ്കിലുമത്തരക്കാർ
ക്രൂരോഗ്രശിക്ഷയുടെ ഭക്ഷണമായി; രാജ്യം
ചാരോപചാരപരിചാരക രംഗമായീ. ൪

### നാട്ടുമ്പുറം.

പ്രക്ഷോഭമിങ്ങനെ നടന്നുവരുന്ന കാല-
ത്തിക്ഷോണിയിങ്കലൊരിടപ്രഭു 'നാഞ്ചനാട്ടിൽ'
വക്ഷോബലം തടവിയകൃഷിശാസ്ത്രവിദ്യാ-
ശിക്ഷോപലബ്ധിയൊടുകൂടി വസിച്ചിരുന്നു. ൪

വാരഞ്ചിടുന്ന നഗരത്തിന്നനേകകാതം
ദൂരത്തു നല്ല വിളവുള്ള പരന്ന ഭൂവിൽ,
നീരന്ധ്രവൃക്ഷനികരത്തൊടുമാ പ്രദേശ-
മാരമ്യമായ് പ്രകൃതികോമളമായിരുന്നു. ൫

കാട്ടുന്ന കമ്രരുചിയാർന്നവനീരുഹങ്ങ-
ളാട്ടുന്ന കൊമ്പുകളിനുള്ളഴകാശ്രയത്താൽ
കൂട്ടുന്ന പൂലതകളോടതിശാന്തമാമീ-
നാട്ടുമ്പുറം നയനമോഹനമായിരുന്നു. ൬

താണോരരുവക്കുകളിലുള്ള തളിർക്കൊടിപ്പു-
ല്ലൂണാക്കിയും, പുഴയിലെക്കുളിരുള്ള വെള്ളം
വേണോട്ടിലുള്ള മുത്തുപോലെന്നുകന്നുമേറെ-
ച്ചേണാർന്ന ഗോക്കളിവിടെക്കുടിപാർത്തിരുന്നു. ൭

ചൂതാഗ്രശാഖകളിലേറിയനല്പചാരു-
ഗീതാമൃതോക്തിയതിമഞ്ജുളമാം സ്വരത്തിൽ,
വീതാമയം വിശദമായി വിചിത്രപത്ര-
ശ്രീതാവിടും കിളികളത്ര ചൊരിഞ്ഞിരുന്നു. ൮

ഗ്രാമാവനീപരിസരങ്ങളിലുള്ള മഞ്ജു-
ശ്യാമാഭിരാമത കലർന്ന കൃഷിസ്ഥലങ്ങൾ,
വ്യോമാംശമെന്നപടി വിസ്തൃതി പൂണ്ടു, ശാലി-
സ്തോമാഭ, ത്തൂമുകിലുപോലെ, യണിഞ്ഞിരുന്നു. ൧൦

അവ്യാജവൃത്തിയെഴുമംഗനമാരെടുത്ത-
ഗവ്യാദിയാം മധുരപോഷണ സാധനങ്ങൾ,
ദിവ്യാമൃതം ത്രിദശഗംഗയിലെന്നപോലെ,
യവ്യാഹതപ്രചുരമായ് പ്രവഹിച്ചിരുന്നു. ൧൧

കാററിന്നു ശീതളത ചേർത്തൊഴുകുന്നതാകു-
മാററിൻെറ വക്കുകളിലായ് ചില കർഷകന്മാർ,
മാററിത്തവും മടിയുമററു കരിമ്പു നട്ടു
പോററി ക്രമത്തിലതുകൊണ്ടു കുബേരരായാർ. ൧൨

ഉത്തുംഗസാലനികരങ്ങളെയാത്മശുദ്ധി-
യൊത്തുല്ലസിക്കുമുടമസ്ഥരടക്കമെന്ന്യേ,
മെത്തും ധനത്തിനു കൊതിച്ചു 'നശിച്ചകള്ളു'
ചെത്തുന്നതിന്നനുവദിച്ചുകൊടുത്തതില്ല. ൧൩

### പ്രഭുകുടുംബം.

ഈ നാട്ടുകാരിലൊരുനായകനായുദാര-
ദീനാനുകമ്പ കലരുന്നൊരു ദീർഘബാഹു,
'മാനാന്തറ' പ്രഭു, മഹാമതി 'മാത്തുപിള്ള'
മാനാതിരേകമൊടു വീടു ഭരിച്ചുവാണു. ൧൪

ഈയാളി 'നീശ്വരി' യിനന്നിതി ഹാസസിദ്ധ-
ച്ഛായാവിലാസലതപോലെ, നിതാന്തഭംഗ്യാ,
മായാമനുഷ്യനു മനോഹരലക്ഷ്മിപോലെ,
ജായാപദത്തെയനുരൂപമലങ്കരിച്ചു. ൧൫

ഇന്ദിര, മകൾ.

രണ്ടാം ധനേശനുടെ ഗേഹിനിയാൾക്കു, സൌധ-
ഘണ്ടാമണിക്കു മധുരസ്വരമെന്നപോലെ,
കൊണ്ടാടിടും വനലതയ്ക്കൊരു പൂവുപോലെ,
യുണ്ടായിരുന്നു മക'ളിന്ദിര' സുന്ദരാംഗി. ൧൬

മാതാപിതാക്കളുടെ മദ്ധ്യവയസ്സുപോ, യ-
ശ്ശ്വേതാഷ്ടമിക്ഷപയിലമ്പിളിയെന്നപോലെ,
സ്ഫീതാനുമോദമൊടു പുത്രി പിറന്നശേഷ-
മേതാണ്ടു ഷോഡശസമാവധി കണ്ടിരുന്നു. ൧൭

ശ്രീസാരമുള്ള മൃദുഗാത്രവുമല്ല വിദ്യാ-
ഭ്യാസാർജ്ജിത പ്രകൃതിസംസ്കൃതിയും വിശേഷാൽ
നാസാഗളശ്രവണഭൂഷിതവേഷവും പൂ-
ണ്ടീ സാരസാക്ഷി പിതൃതുഷ്ടി വളർത്തിവന്നു. ൧൮

കാമം, ക്ഷമാപ്രണയതൃപ്തിമനോജ്ഞഗുണങ്ങ-
ളീ മങ്കയിൽ, പ്രഭ മണം മധുവിഗ്ഗുണങ്ങൾ
തൂമഞ്ജുപൊന്മലരിലെന്നതുപോലെ, യീനൽ-
ഗ്രാമത്തിലൊത്തു നിവസിച്ച ജനങ്ങൾ കണ്ടാർ. ൧൯

ബാലാമണിക്കുടയ ബന്ധുരമായ ദീൎഘ-
നീലാരവിന്ദദളമൊത്ത വിലോചനങ്ങൾ,
മാലാൎന്നു കണ്ടവരിലശ്രുവുതിൎത്തു, ശുദ്ധ-
ലോലാശയസ്ഥിതി തുലോം വിശദീകരിച്ചു. ൧൦

താനന്നലംകൃതികളായി വരിച്ച രത്നാ-
ന്യൂനപ്രഭാഞ്ചിതസുവൎണ്ണവിഭൂഷണങ്ങൾ,
ദീനൎക്കുമൽക്കടദരിദ്രതയുള്ളവൎക്കും
ദാനത്തിനിന്ദിരയഴിച്ചു മുറയ്ക്കുകൊടുത്തു. ൧൧

മേലേ പുതപ്പൊടുമുടുപ്പുതൊഴിച്ചു മററു
ചേലേറിടുന്ന നിജചേലകളുള്ളതെല്ലാം,
ബാലേന്ദുസുസ്മിതയനാഥകളായവൎക്കു
കാലേ കൊടുത്തു വിഷുവോണവുമാഗമിച്ചാൽ. ൧൨

ഓൎക്കാതെപോലുമൊരുവാക്കവളൎത്ഥനമ്മ-
മാൎക്കാമയം വരുവതായുരചെയ്തതില്ല;
നേൎക്കാദരാൽ സ്വഗൃഹജോലികളും തനിക്കു
തീൎക്കാവതൊക്കെ വഴിപോലെ വഹിച്ചു നിത്യം. ൧൩

വണ്ടാരണിക്കുഴലിതന്റെ വപുസ്സിലും പൊൽ-
ത്തണ്ടാരിനൊത്ത വദനത്തിലുമാവയസ്സിൽ,
കണ്ടാലവൎണ്ണ്യമൊരു ദൈവികമായ തേജ-
സ്സുണ്ടായിരുന്നു—സുമനോഹര സൗകുമാൎയ്യം. ൧൪

സ്വച്ഛന്ദമായ് ക്ഷമയൊടമ്മയൊടൊത്തു തന്റെ-
യച്ഛന്റെ വേശ്മമതിലാ, മിഥിലാപുരത്തിൽ
പ്രച്ഛന്നലക്ഷ്മി ജനകാത്മജയെന്നപോലെ,
യിച്ഛയ്ക്കൊത്തക്കവിധ മിന്ദിരയമ്മവാണാൾ. ൨൫

ഭവനം.

ഒട്ടാകെയീഭവനമോലകൾ മേഞ്ഞൊരെട്ടു-
കെട്ടായിരുന്നിതു; ചതുർമ്മുഖ ചത്വരങ്ങൾ
തിട്ടാന്ന താഴ്‌വരകളദ്രിപദം വളഞ്ഞ
മട്ടായി, നാലുവശവും വിലസിക്കിടന്നു. ൨൬

അററത്തു ഭിത്തികളുയർത്തി നടുക്കു വാത-
ലൊററയ്ക്കു നാട്ടിയ കിഴക്കുവശത്തു മദ്ധ്യേ,
മുററത്തു കൃഷ്ണതുളസിച്ചെടി ധർമ്മലോപ-
ക്കുററത്തിനാക്കുമസിവല്ലരിയായ് വളൎന്നു. ൨൭

ആ വിശ്വരമ്യയുടെ നല്ല നടപ്പു വാങ്ങി
ദ്യോവിന്നു പോവതിനു ഹംസികളെന്നപോലെ,
ആവിപ്രമോദമവിടെക്കൂടികൊണ്ടു മാട-
പ്രാവിന്റെ സന്തതികളങ്കണപഞ്ജരത്തിൽ. ൨൮

ഹൃദ്യാംബരങ്ങളെയണിഞ്ഞു വിദേശഭാഷാ-
വിദ്യാലയത്തിലണിവേണികളെന്നപോലെ,
അദ്യാപി, ചിത്രശലഭങ്ങളകപ്പുറമ്പാ-
മുദ്യാനഭൂമിയിലുലാത്തി നടന്നിരുന്നു. ൨൯

ലീലാവിലാസതരുപംക്തി, വിശാലപത്ര-
മാലാസുമാവലിഫലാളികളോടുകൂടി,
കാലാനുകൂലരുചി പൂണ്ടു പതംഗഗാന-
കോലാഹലത്തൊടു വളൎന്നു പുറപ്പറമ്പിൽ. ൧൦

ആനീതമായഭിനവാസ്വാദനീയമായ
പാനീയമാം മധു നിറഞ്ഞ മണിക്കുടങ്ങൾ-
തേനീച്ചകൾക്കുടയ കൂടുകൾ-ഉന്നതോദ്യൽ-
സ്ഥാനീയശാഖകളിലൊക്കെ നിരന്നുതൂങ്ങി. ൧൧

മാകന്ദകേരപനസക്രമുകദ്രുമങ്ങ-
ളാകമ്രമായുമനനുക്രമമായുമാരാൽ,
ലോകത്തുവൃദ്ധയുവബാലശിശുക്കളെന്ന
പാകത്തിലീയൊരു വളപ്പിനകത്തു തിങ്ങി. ൧൨

ഈമാതിരി പ്രകൃതിസുന്ദരമന്ദിരത്തി-
ലാ 'മാത്തുപിള്ള' മലമററ മനക്കരുന്നിൽ,
സീമാവിഹീനപരിതൃപ്തിയൊടൊത്തു സാക്ഷാൽ-
കാമാരിയിൽ സുദൃഢഭക്തി വഹിച്ചു വാണു. ൧൩

യൗവനം.

താരുണ്യവിഭ്രമതരംഗവിലാസ, മംഗ-
ചാരുത്വമാമുദധിയിൽ കളിയാടി നീളേ
വാരുററ തൽപ്രഭുകുമാരി വളൎന്നു; കാമ-
ഭീരുക്കളായിതു സമീക്ഷകരാം യുവാക്കൾ. ൧൪

പൂമാലയോടു പുതുഭൂഷയണിഞ്ഞു, 'കൊച്ചു-
പൂമാത്തു', ശുഭ്രവസനങ്ങളെടുത്തു ചുററി
'കൌമാരകോവിലിനു' പോം വഴി ദിവ്യഭക്തി
രോമാഞ്ചമാന്നുയുവയോഗികൾ, ദശ്നത്തിൽ. ൩൪

ചേതോഹരാംഗിയുടെ ചേലയിലെസ്സുഗന്ധ-
പൂതോല്ലളൻമൃദുലവായു പകന്നു കൊൾവാൻ
ഏതോ യുവാവിനിടയായി ? തയാളഖണ്ഡ-
സ്ഫീതോല്ലസൽസുകൃതവാരിധിയെന്നുറച്ചു. ൩൫

രാമൻ, ഭാഗിനേയൻ.

പ്രേമാങ്കുരം പല യുവാക്കളിലും വളത്തോ-
രീമാൻകിശോരമിഴിയാൾക്കു മനോരഥത്തിൽ,
സീമാധികപ്രണയമപ്പിതുഭാഗിനേയ-
'രാമാ'ഭിധാനനൊടു മാത്രമുദിച്ചിരുന്നു. ൩൬

മാതാവു പെററ ദിവസത്തിലു, മത്തുനുഗ്ര-
വാതാമയത്തൊടു മടുത്തുമൊരാണ്ടിനുള്ളിൽ,
ഹാ ! താണുപോയി ചരമാബ്ധിയി; ലന്നു മാതൃ-
ഭ്രാതാവു "രാമനെ"യെടുത്തു വളത്തിയല്ലോ. ൩൭

തുല്യപ്രിയത്തൊടിവരെ പ്രഭുഭായ്യ, പാണി-
പല്യങ്കസീമനി വളത്തിയ കാരണത്താൽ,
ശല്യതചമററൊരു യഥാത്ഥസഹോദരൈക്യ-
കല്യസ്വഭാവമിവരിൽ പ്രതിബിംബമാർന്നു. ൩൮

ഒന്നിച്ചുകൂടി വിഹൃതിക്കിവരാത്മതോഷം-
കുന്നിച്ചിടും കുസൃതികാട്ടി നടന്നിരുന്നു;
പിന്നിച്ചപോലെയൊരുമിച്ചു തകത്തു തമ്മിൽ-
ഭിന്നിച്ചിടാത്ത നില വന്നിതു ശൈശവത്തിൽ. ൪൦

ശാല്യന്നമമ്മയൊരുമിച്ചു കൊടുത്തു, ജാതി-
മാല്യങ്ങളന്നു മുടി പിന്നിയിവൎക്കുചാൎത്തി;
ബാല്യത്തിലഗ്ഗുരു സമീപമിരുത്തിയേക-
വാല്യത്തിലുള്ള കഥ ചൊല്ലി മനസ്സിലാക്കി. ൪൧

ദണ്ഡം പെടാതമരകോശ വിചിത്രദീൎഘ
ഖണ്ഡങ്ങളോടുമരുവിട്ടിതു സിദ്ധരൂപം;
ഖണ്ഡപ്രബന്ധതതിയും ഗുരുവിൻെറ ബാഹ്യ-
ദണ്ഡസ്വഭാവമറിയാതവരഭ്യസിച്ചു. ൪൨

ചാണക്യസൂത്രപഠനം വഴിയായി,ബുദ്ധി-
ചാണയ്ക്കുവെച്ചിതു; പഠിച്ചിതു പഞ്ചതന്ത്രം;
ഊണല്ലുറക്കമെതിലും പിരിയാതെയൊന്നി-
ച്ചാണത്ര ജീവനെ നയിച്ചതുമിക്കിടാങ്ങൾ. ൪൩

ബാലപ്രബോധനമഹാരഘുവംശകാവ്യ-
കാലപ്രദീപകലിസംഖ്യകളും ക്രമത്തിൽ,
ധീലക്ഷ്യമാക്കിയിവരത്ര പരസ്പരാനു-
കൂലപ്രവൃത്തിമുഖരായി മുതിൎന്നുവന്നു. ൪൪

അദ്ധ്യാപനം കഴിയവേ കൃഷിപാലകൃത്യ-
ബുദ്ധ്യാപനങ്കുലയണിഞ്ഞ പറമ്പിനുള്ളിൽ,
മദ്ധ്യാഹ്നവേളവരെ വേലയെടുത്തിതാത്മ-
ശുദ്ധ്യാ സതീർത്ഥ്യരിവരന്യസഹായമെന്യേ. ൪൫

രാമാഖ്യനൽക്കടമഹേശധനുസ്സുപോലെ
കാമാർത്ഥമേകതരുശാഖ വളച്ചൊടിച്ചു;
പൂമാതുപോലെയുടനിന്ദിര കൌതുകശ്രീ
രോമാഞ്ചകഞ്ചുകമണിഞ്ഞു പരിഭ്രമിച്ചു. ൪൬

രണ്ടാളുമൊത്തൊരുരുളക്കളിമണ്ണെടുത്തു
കൊണ്ടായതിൻെറ ഗുണദോഷമറിഞ്ഞുകൊൾവാൻ,
ഖണ്ഡാകവിപ്രഭൃതിപദ്യമഴിച്ചുനോക്കി-
ക്കൊണ്ടാസ്വാദിപ്പതിനൊടൊപ്പ,മപഗ്രഹിച്ചു. ൪൭

രണ്ടായിരുന്നു തടിയെങ്കിലുമീവിധത്തി-
ലുണ്ടായ ഭാസുരദൃഢീകരണക്രമത്താൽ,
രണ്ടാൾക്കുമുള്ളിലൊരു ജീവനിരുന്നു; പൂവ്-
മുണ്ടായതില്ലുലകിലീദൃശമൈക്യദാർഢ്യം. ൪൮

## പ്രൗഢാവസ്ഥ.

സൌവർണ്ണകാന്തി കലരുന്നൊരു ബാല്യകാല-
മീവണ്ണമമ്പൊടു കഴിച്ചിരുപേരുമപ്പോൾ
ഭാവം പകർന്നുവികസിച്ചു, മതിപ്രസാദം
കൈവന്നുകൈരവ സുമദ്വയമെന്നപോലെ. ൪൯

ആരാമനപ്പൊളനവദ്യമനോജ്ഞഗുണങ്ങൾ-
ക്കാരാമമായതിമനോജ്ഞതപൂണ്ടുമെയ്യിൽ,
പോരാളിതന്നുടെനടപ്പു മെട്ടപ്പുമൊത്തു
വീരാംശമേറിയൊരുവീരകുമാരനായാൻ. ൩൧

ഏകാന്തകർഷകജനോചിതജീവിതത്തിൽ
കൈകാൽതടിച്ചു, ദൃഢകായിക സൌഷ്ഠവത്താൽ
ശ്രീകാളിനല്ലതരുണൻെറ അവാച്യമാകു-
മാകാരസംസ്കൃതചേർന്നവനുല്ലസിച്ചു. ൩൨

കാന്താരകൌസുമസമഞ്ജസകക്ഷകശ്രീ
കാന്താനനം, നവദിവാകരബിംബതുല്യം,
ശാന്താമല പ്രഭവിതച്ചിതുതൽപ്രവേശ-
പ്രാന്താവനിക്കുടയ വിസ്തൃതമാമുരസ്സിൽ. ൩൩

പ്രായാഭിവൃദ്ധിമുറപോലെ ഭവിച്ചുദാര-
ശ്രീയാളുമിന്ദിരയുമാനവയൌവനത്തിൽ,
വ്യായാമമണ്ഡിതവപുസ്സു വഹിച്ചുമാന്യ-
സ്ത്രീയാന്നിടേണ്ടനിലകൊണ്ടു നിജാലയത്തിൽ. ൩൪

ആരാമയാളുടെ മനോഹരമാകുമാസ്യ-
മാരാലുഷസ്സിന്നുടെ പൂമുഖമെന്നപോലെ,
ആരാരുകണ്ടവരിലൊക്കെയുമാത്മശുദ്ധി-
യാരാഞ്ഞുകൊൾവതിന്നു നേർവഴികാട്ടിമേൻമേൽ. ൩൫

ചാരാഗമനം.

അക്കാലമുഗ്രധനതൃഷ്ണമുഴന്നു ചാര-
ധിക്കാരിയാമൊരു ഭയങ്കരകാളസർപ്പം,
ദിക്കാകെവക്രഗതിചെയ്തുപുളച്ചുഗൃദ്ധ-
ദൃക്കാശ്രുതതൽഭവനസീമനിവന്നുചേൎന്നു. ൪൫

കണ്ടാലൊരല്പസുഭഗത്വമിയന്നയാളെ-
ക്കണ്ടാർദ്രഭാവബഹുമാനമൊടും ഗൃഹേശൻ
കൊണ്ടാടിയോതി കുശലോക്തി; കൃഷീവലന്മാ-
ൎക്കുണ്ടാതിഥേയ വിധിപാലനതൽപരത്വം. ൪൬

സൽക്കാരമേററു കുളിയൂണുകഴിഞ്ഞുതന്റെ
യുൾക്കാമ്പിലുജ്ജ്വലിതമാം ധനമോഹവായ്പാൽ,
തൽക്കാലമത്രപൊറുതിക്കൊരുപായമോൎത്തു
നിൽക്കാതെയാ പ്രഭുവിനൊടുരചെയ്തുചാരൻ. ൪൭

"വഞ്ചിപ്രധാന നഗരത്തിലൊരാൾക്കു, ശാന്ത
സഞ്ചിന്തകൾക്കുചിതമായിടുമന്തരീക്ഷം
കിഞ്ചിൽകിടയ്ക്കുകയസാദ്ധ്യ; മതാണുഞാനെൻ-
നെഞ്ചിൽ കുതൂഹലമൊടീവഴിവന്നതിപ്പോൾ. ൪൮

"മൎയ്യാദവിട്ട ദളവാതെളിവോടുശത്രു-
നിൎയ്യാതനത്തിനു തുടങ്ങിയ വിപ്ലവത്തിൽ,
പൎയ്യാപ്തമായ പരിശാന്തിയൊരാൾക്കു ജീവ-
ചൎയ്യാക്രമത്തിലെളുതല്ല ലഭിച്ചുകൊൾവാൻ. ൪൯

"അഞ്ചാറുമാസമതിനാലൊരൊഴിഞ്ഞകോണി-
ലഞ്ചാതെപാൎക്കുവതിനാശയൊടാശയത്തിൽ,
സഞ്ചാരമാൎന്നു വരവേ, തവസദൃശസ്സാം
വെഞ്ചാമരക്കളിവിളിച്ചു വരുത്തിവീട്ടിൽ." ൩൦

ഗേഹാധിനാഥനരചെയ്തിതു—"ശാന്തവാസ-
മോഹാപ്തിയിട്ടിശിഭവാനുളവാകുമെങ്കിൽ,
സ്നേഹാദരത്തൊടുതരാമനുവാദമിങ്ങു-
ള്ളാഹാരവും മുറിയുമൊന്നു വസിച്ചുകൊൾവാൻ. ൩൧

"വീൎയ്യത്തിനില്ലകുറവെങ്കിലുമത്രരാഷ്ട്ര-
കാൎയ്യങ്ങളിൽ 'തലയിടി'ല്ലിഹ കൎഷകന്മാർ;
സൂൎയ്യപ്രകാശജലസംഭരണാജപാല-
ശൌൎയ്യങ്ങളാണുവിഷയങ്ങളിവൎക്കുരപ്പാൻ. ൩൨

സമാസം - ദ്വിവിധം.

"ശാന്താധിവാസമിഹ ചെയ്യുക, രാജ്യതന്ത്ര-
ഭ്രാന്താൎക്കുമില്ലതുപറഞ്ഞുരസിച്ചിടാനായ്;
താന്താങ്ങളേന്തുമനുവൃത്തിഫലങ്ങളാത്മാ-
ക്രാന്താനുഭൂതിവഴിയാളുകളാസ്വദിപ്പൂ. ൩൩

"ആശാസ്യമാണുമതിശാന്തി സമാൎജ്ജനം; നാ-
മാശാന്തരങ്ങളിലലഞ്ഞു തിരഞ്ഞുപോയാൽ,
ആശാനുകൂലമതുകിട്ടുകയില്ലത; ന്തർ-
ദേശാവലോകനപരിശ്രമമാത്രലഭ്യം. ൩൪

മറുരാജ്യം കാണൽ - മനോരാജ്യം കാണുക.

"കാഷായവസ്രൂപരിശീലനവും സമസ്ത-
യോഷാവിദൂഷണവു,മസ്സുഖജീവിതത്തിൽ
ദേ്വഷാതിരേകമതിയും, ഹൃദയസ്ഥശാന്തി-
ഭൂഷാപ്തിപദ്ധതികളെന്നു ജനംഭ്രമിപ്പൂ. ൩൨

"ഭൂപാലനാംജനകനെങ്ങനെരാജ്യഭാര—
വ്യാപാരമേന്തിയൊരവിശ്രമജീവിതത്തിൽ,
കോപാദിഹൃദ്വികൃതിമുക്തിലഭിച്ചു ശാന്തി-
ദീപാഭയിൽ സുചിരമത്രരമിച്ചിരുന്നു?" ൩൩

ഈവണ്ണ'മുള്ളതു തുറന്നുപറഞ്ഞു' ശുദ്ധ-
ഭാവത്തിലാപ്രഭു; കുറിക്കതുചെന്നുകൊണ്ടു;
ആവശ്യമല്ലവിടെയാത്മനിവസമെന്ന-
ഭാവത്തിലീമൊഴിധരിച്ചിതുഗൂഢചാരൻ. ൩൪

എന്നാലുമാവക വികാരമൊതുക്കിയുള്ളി-
ലന്നാളുമോതിയ വിധം പ്രഭുമന്ദിരത്തിൽ
നന്നായിരുന്നൊരു മുറിക്കകമാക്കി വാസ-
മ,ന്നാശകാരനഹിപൊത്തിനകത്തുപോലെ. ൩൫

ഊണും കഴിഞ്ഞു മുറിയിൽ കയറിപ്രശാന്തി-
വേണു സ്വനാപ്ലുതമാനസനെന്നപോലെ,
കാണുന്ന സംഗതികളൊക്കെയും ഉററുനോക്കി-
വാണു,ഗ്രചോരമുനിപോലെ ഒരമ്പലത്തിൽ. ൩൬

### കൊയ്ത്തുകാലം.

വിദ്യാലയത്തിലൊരു വാൎഷിഗയോഗവും ന-
ല്ലുദ്യാനസീമ്നി മധുമാസവുമെന്നപോലെ,
അദ്യാഗമിച്ചു കൃഷിലോകസുവൎണ്ണകാല-
ഹൃദ്യാഭകോലുമൊരു നല്ലകൊയിത്തുകാലം. ൧൦

നേരത്തുണൎന്നു കൃഷിപാലവധൂജനങ്ങ-
ളാ രക്തകോമളശരീരകളത്ഥമെന്ന്യെ;
സ്മേരപ്രസന്നതയൊടൊത്തു വിളക്കുവെച്ചി-
താരമ്മ്യദീപലതികാഭകളാലയത്തിൽ. ൧൧

ചേലുററചേലയുടെ തുമ്പുവലിച്ചുചുററി
“ക്കാലുംമുഖം” കഴുകിനാമജപംനടത്തി,
വൈലുള്ളിടത്തു കടുവേലയെടുപ്പതിന്നു
കോലുന്ന കഞ്ഞിയവരാശ്ശുതയാറുചെയ്തു. ൧൨

അമ്മക്കളും പ്രിയരുമൊത്തവരായ “തിഞ്ചി
ച്ചമ്മന്തി കൂട്ടിയണികുമ്പനിറെക്കുടിച്ചു;
അമ്മച്ചിമാരുടെ നിലയ്ക്കുമതിന്നുകൊച്ചു-
“പെണ്മക്കളെ” ക്കുടിലുകാവലിനും നിറുത്തി. ൧൩

പെണ്ണുങ്ങളൊക്കെയരിവാളുമെടുത്തുതെല്ലു
മണ്ണുള്ളകല്ലിലതുതേച്ചു മിനുക്കിവേഗം
ഉണ്ണുന്നതിന്നുവഴിനോക്കിയിറങ്ങി; നീണ്ട
കണ്ണുത്സവത്തിനു സമം വിളഭൂമികണ്ടു. ൧൪

ഹേമാചലത്തിന്നുടെ താഴ്‌വരപോലെ, പീത-
ശ്രീമാലചാർത്തി വെയിലത്തു പഴുത്ത നെല്ലാൽ,
പൂമാതിനുള്ള പുതുനർത്തനശാലപോലെ
സീമാന്തരേഖവരെ നെൽകൃഷിയുല്ലസിച്ചു. ൰൬

നീരാളനിർമ്മിതവിരിപ്പിന്നിടയ്ക്കു നീല-
സ്ഥാരാഭമാം കരകളിട്ടു തിരിച്ചപോലെ,
നേരായ്‌വിളങ്ങി, ഹരിതപ്രഭമാംതൃണങ്ങ
ളാരാൽ പൊതിഞ്ഞണിവരമ്പുകളാനിലത്തിൽ. ൰൭

കേടററഖേചരഗണങ്ങളണഞ്ഞു പുഞ്ച-
പ്പാടത്തു നെന്മണികൾ, കൊത്തിയെടുത്തുകൊക്കാൽ
ആടൽപെടാതവ ഭുജിച്ചു രസിച്ചുകഷ്ട-
പ്പാടററ പാട്ടുകളുതിർത്തു പറന്നുവാനിൽ. ൰൮

"കൈവാളുവീശിയണയുന്നിതുബാഹുവല്ലി-
ശ്രീവായ്ക്കുമംഗനകളാശു കഴുത്തറപ്പാൻ-
ദൈവാജ്ഞകേവലമലംഘ്യ; മീവണ്ണമുള്ളിൽ
ഭീവാർത്തുശാലികൾ വിറച്ചുവിളർത്തുനിന്നു. ൰൯

മിത്രാശ്രയത്തൊടുടമസ്ഥനനന്തനമേക-
ച്ഛത്രാധിപത്യമൊടുനല്ല കൃഷിസ്ഥലത്തിൽ
അത്രാഗമിച്ചു; ഗളഖണ്ഡനമോർത്തു ബാഷ്പ-
മുൾത്രാസമാർന്നു കൃശശാലികളുദ്ഗമിച്ചു. ൨൰

സങ്കോചമററ വിഭജിച്ചു കൊയിത്തുകാരേ-
ചെങ്കോലെഴും പ്രഭുനിറുത്തിയനുക്രമത്തിൽ,
ഹൂങ്കോട്ടുകല്പനകൊടുത്തു; തുടങ്ങിയോരോ
പങ്കോട്ടു പങ്കുകിടമത്സരഭൽസനങ്ങൾ. വ്യ൦

കററയ്ക്കുകററകണവക്കെതിരിട്ടുനിന്നു
കററക്കരിങ്കുഴലി മാരുമററത്തെടുത്തു;
ഒററക്കു, മൊത്തു മബലയ്ക്കുപുമാനൊടൊപ്പം
തെററററൊരേപണിയെടുപ്പതുശക്യമല്ലോ?

ഒട്ടേറെമൂച്ച്തിരളുന്നരിവാളുകൊണ്ടു
വെട്ടേററ നെല്ലുകളുലഞ്ഞു പതിച്ചിടുമ്പോൾ
തിട്ടേന്തിടുന്ന വിഹഗങ്ങളകം പുകഞ്ഞു
ചുട്ടേററവും ഭ്രമമൊടൊത്തു ത്രലോം കരഞ്ഞു. വ്യ൭

നെല്ലാകെയാളുകളെടുത്തു മറിഞ്ഞവയ്ക്കോ-
ലെല്ലാനിലങ്ങളിലുമൊട്ടുകിടന്നിരുന്നു;
ഉല്ലാസമോടുമൊരു സദ്യകഴിഞ്ഞവീട്ടി
ലെല്ലാത്തളങ്ങളിലുമെച്ചിലിനൊപ്പമായി. വ്യ൮

ഒന്നാകെമേരുവിനെഴും ശിഖരങ്ങളോടി-
വന്നാപതിച്ചു വിലസുന്നതുപോലെമേന്മേൽ,
ഒന്നാംതരം പ്രഭുഗൃഹങ്ങളിലാശു "കുന്നു-
കുന്നായി" നല്ലപുതുനെല്ലുകൾ വന്നുകൂടി. വ്യ൯

### സായാഹ്ന സഞ്ചാരം.

ഈയുദ്യമങ്ങളിലിടപ്രഭൂഭാഗിനേയ-
നായുള്ള "രാമ" നൊരുമിച്ചിളവേറ്റുമെന്ന്യേ,
ആയുസ്സുതള്ളിയൊരു മാസമനന്യചിന്താ-
ധീയുജ്ജ്വലിച്ചു കൃതകൃത്യതപൂണ്ടിരുന്നു. ൭൪

ആ വേളയിൽ സ്വഗൃഹ കൃത്യനിമഗ്നയായ
പൂവേണിയിന്ദിരപുനഃപുനരാശ്രമത്തിൽ
ദേവേന്ദ്രദൃഷ്ടിയിലഹല്യകണക്കു, ഗൃദ്ധ-
ഭാവേനവാണൊരതിഥിക്കിഹ കാണുമാറായ്. ൭൫

ഓരോരുനോക്കിലുമവന്നുളവായ നീച-
മാരോഗ്രതൃഷ്ണദൃഢമായിതുനാൾക്കുനാളിൽ,
ആ രോഗ്യഹീനനൊരു സാംക്രമികജ്വരാധി-
കാരോൽക്കടാക്രമണമെന്നവിധം വളൎന്നു. ൭൬

താനക്കുബേരതകൊതിച്ചതുസാദ്ധ്യമാകു-
വാനംബുജേക്ഷണയെയായുധമാക്കിയാലോ ?
ഹാ ! നല്ലവിദ്യ ! "വെടിയൊന്നിനു രണ്ടുപക്ഷി"
യാനന്ദസാരമയമാമിഹലോകവാസം. ൭൭

ഈയാശയോടു നവനാഗരികാനുരാഗ-
മായാവിലാസകലകൊണ്ടവളേ മയക്കി,
അയാസമററു നിജകൈവശമാക്കിവെയ്പാ-
നായാളുദഞ്ചിതരസാനുചിതമുദ്യമിച്ചു. ൭൮

നീലോപലത്തറജലത്തെയുമശ്മദർഗ
സ്ഥൂലോദരംരിപുബലത്തെയുമെന്നപോലെ,
ആലോലനീചവിടവിദ്യകളേനിരോധി-
ച്ചാലോകരമ്യയുടെ ശുദ്ധമനസ്സിരുന്നു. ൯൦

വെള്ളപ്പള്ളുകൊരുവിഷോപലമാക്കവാനാ-
യുള്ളല്പധീയുടെ പരിശ്രമമെന്നപോലെ,
വെള്ളത്തിനുള്ളിലെഴുതുന്നതുപോലെ, ചാര-
ക്കള്ളന്റെ വിക്രിയതുലോം വിഫലീഭവിച്ചു. ൯൧

ഈ വിദ്യകൊണ്ടു ഫലമില്ലിവളോടുനേരി-
ട്ടാവിഷ്കരിക്കണമവശ്യമഭീപ്സിതങ്ങൾ;
ആവിസ്ഥിതിങ്ങനെയുറച്ചതിനുള്ളതക്ക
മാവിർമ്മദത്തോടഥനോക്കിയിരുന്നുകൊണ്ടാൻ. ൯൨

സായാഹ്നമായസമയത്തൊരുനാളനശ്ല
ശ്രീയാന്നപാദപപരമ്പര പിൻപറമ്പിൽ
ഛായാവിലാസരുചിചാർത്തിടവേ, വിനോദ-
വ്യായാമകാംക്ഷയൊടുമിന്ദിരയത്ര വന്നാൾ. ൯൩

സാരസ്യമൂർത്തിയുടെ സംഭൃതമാകുമംഗ-
സൌരഭ്യമന്പൊടുകവന്നു സുഗന്ധവാഹൻ,
ചാരത്തുചുററിയവളെ സ്വയമേവവീശി-
സ്സ്വീരത്നമോടതികൃതജ്ഞതകാട്ടിനിന്നു. ൯൪

തന്നോടുതാതനൊരുമിച്ചു വളൎത്തിടുന്ന
പൊന്നോമനത്തടിയെഴും വിവിധദ്രുമങ്ങൾ
"മുന്നോട്ടുവന്നിടുക" യെന്നുവിളിച്ചുകയ്യാ-
ലന്നോതി മംഗളവചസ്സുകൾ മൎമ്മരത്താൽ. ൪൰

"കൊച്ചുണ്ണനോടു" കിടനിന്നുകുഴിച്ചുടുത്തു-
വെച്ചക്കരിങ്കദളിവാഴകളൊന്നുപോലെ,
ഉച്ചത്തിലായ്ത്തടി യുരുണ്ടുതടിച്ചുനീണ്ട
പച്ചത്തലക്കലെവിവാനിലിണക്കിനിന്നു. ൪൧

തൽഭാഷണപ്രചുരമാധുരി സംഗ്രഹിച്ചു
നൽഭാസുരസ്വരവിശേഷമെഴും ദ്വിജങ്ങൾ,
സൽഭാവമോടു ഗുരുനാഥയെയാദരിച്ചു
തൽഭാഷയിൽ പുതിയരാഗമുതിൎത്തുപാട്ടിൽ. ൪൨

വീടാകമാനമിളകും കൃഷികാൎയ്യബദ്ധാ-
പ്പാടാൎന്നതൽപ്രിയമെഴും പിതൃഭാഗിനേയൻ
"ക്രൂടാമുലാത്തുവതി" നെന്നുരചെയ്തുവാക്കി-
ലാടാത്തുറപ്പൊടുകുലീന നടന്നിരുന്നു. ൪൩

ആകാരദൈൎഘ്യമധികം കലരാതെസായാ-
ഹ്നാകാശവീഥിയെമറച്ചുമിലപ്പടപ്പാൽ,
ഭൂകാന്തഭൂഷണവുമായ് വിലസുന്നമാവു
ള്ളേകാന്തഭൂവിലവളെത്തിയുലാത്തിമന്ദം. ൪൪

ആസന്നസൂര്യചരമസ്ഥിതികണ്ടു കാളി-
ദാസന്റെയസ്തമനവർണ്ണനയൊന്നിനുള്ളിൽ,
ആസക്തിയോടുമനമൂന്നിരസിച്ചുമന്ദ-
ഹാസപ്രസന്നമുഖിമേവിമരച്ചുവട്ടിൽ. ൧൦൦

ശ്ലോകാശയാമൃതനിമഗ്നതപൂണ്ടു, രാഗ-
ശോകാഭിലാഷമദമത്സര ചിന്തനങ്ങൾ
ധീകാളുമംഗനയെവിട്ടുപിരിഞ്ഞു; കാവ്യ-
ലോകാനുഭൂതിഭുവിനിർവൃതിയേകിടുന്നു. ൧൦൧

ചാരോദ്യമം.

ആയീലയസ്ഥിതിപൊടുന്നനവേപൊളിഞ്ഞു-
പോയീടുമാറൊരുപുമാൻ, ചരമാബ്ധിയിങ്കൽ
പോയീടുമക്കനടെരശ്മിതടഞ്ഞുകാണാ-
റായീവരുന്നതുതനിക്കെതിരിട്ടുവേഗം. ൧൦൨

“പ്രാണേശനല്ലവരവെ” ന്നവിചാരമോടു-
മേണേക്ഷണയ്ക്കു ഹൃദയംതരസാതുടിച്ചു;
കാണേണ്ടതല്ലസതികണ്ടതുഹന്ത! പഞ്ച-
ബാണേന്ദ്രജാലമതിവിസ്മയനീയമല്ലോ ! ൧൦൩
ഗർവാക്യം - Parenthetical

താതാനുവാദമൊടുതന്നുടെ മന്ദിരത്തി-
ലേതാണ്ടു സംഗതിയിലുത്സുകനെന്നപോലെ,
ജാതാനുമോദമൊടുപാർത്തിടുമപ്പുമാനാ-
ണേതാദൃശസ്ഥിതിയിലെത്തുവതിസ്ഥലത്തിൽ. ൧൦൪

'ആഗസ്ത്മികാഗമനമായി വരാമിതെ'ന്നാ-
യാകമ്രലോലമിഴി നേർവഴിവിട്ട മന്ദം,
'പോകട്ടെപോണവഴി' യെന്നുനിനച്ചു, ബാല-
മാകന്ദമൂലതടസീമനിമാറിനിന്നാൾ. ൧൦൫

എന്നാൽ, ശശാങ്കകലയോടൊരു ധൂമകേതു-
വെന്നാവിധത്തി, ലവനും ഭ്രമമോടുകൂടി,
വന്നാശ്രുവാരിജവിലോചനയോടടുത്തു
നിന്നാത്മസംഭൃതവിഷം വചസാവമിച്ചു. ൧൦൬

"ബാലേ,തവാവയവസൌഷ്ഠവസൌകമാര്യ്യ-
ത്താലേതവന്റെ ഹൃദയം ശിഥിലീഭവിച്ചു?
മാലേറുമാവലിയ ഭാഗ്യവിഹീനനേതൽ-
കാലേ തദീയസവിധത്തിലണഞ്ഞിരിപ്പൂ." ൧൦൭

ആഭാസനാടകകൃതിക്കൊരു'നാന്ദി'യായോ-
രാഭാഷണം 'ഭരതവാക്യ' വുമാക്കിവേഗാൽ,
സ്വാഭാവികപ്രകൃതി ധീരതകാട്ടിയിന്ദു-
ശ്രീഭാസുരാനന വെറുപ്പൊടു പിന്തിരിഞ്ഞു. ൧൦൮

ആ മത്സ്യകേതനനിവേദനമേവമോമൽ-
പൂമഞ്ജുവേണിയുടെ പൂർണ്ണനിഷേധനില്പിൽ,
കാമംകറുത്തൊരു ധൂമം തലനാരു ശുദ്ധ-
ഹോമസ്ഥപാവകനിലെന്നവിധം, കരിഞ്ഞു. ൧൦൯

മിണ്ടാതവജ്ഞയൊടു സാധ്വി പുറം തിരിഞ്ഞു
വണ്ടാറണിക്കുഴലുലഞ്ഞു നടന്നനേരം,
തണ്ടാർശരൻെറ പട്ടകോമരമായ നീച-
നുണ്ടായൊരുത്ക്കടവികാരമവാച്യമായി. ൧൧൦

ഏകാന്തചിന്തയിലിരുന്നു പണിഞ്ഞതനല്ലൊ
രാകാശമാളികയടിത്തറയോടുകൂടി
ഹാ ! കാററടിച്ചുനിപതിച്ചു തകർന്നു ; തീവ്ര-
ശോകാൽ സ്വമാനധനഭംഗമവന്നുദിച്ചു. ൧൧൧

താനേ മറന്നു; തലയൊന്നു കറങ്ങി; യാത്മ-
ജ്ഞാനേന്ദ്രിയങ്ങളുമടഞ്ഞു വികാരവായ്പാൽ
മീനേക്ഷണയ്ക്കുടയ മേൽഗതിയേ നിരോധി-
പ്പാനേകദേശമവളെത്തൊടുവാനടുത്തു. ൧൧൨

മല്ലയുദ്ധം.

കുട്ടിക്കുരംഗമിഴിയാളുടെ മേനി 'തൊട്ടു
തൊട്ടില്ല'യെന്ന നിലയെത്തവെയക്കരങ്ങൾ
തട്ടിക്കളഞ്ഞവനെയന്യനടുത്തു കേറി-
ക്കെട്ടിപ്പിടിച്ചു പുറകോട്ടു വലിച്ചെറിഞ്ഞു. ൧൧൩

വീണുക്കൊണ്ടെങ്കിലുമയാളെഴുന്നേററു ചാടി-
വീണ്ടുററമോടുമെതിരാളിയെയാക്രമിച്ചു;
താണു ധരിത്രിയിളകിപ്പുരമങ്ങു, കൃഷ്ണ-
ചാണൂരമല്ല സമരാങ്കണമെന്നപോലെ. ൧൧൪

താലാങ്കമുഷ്ടികമഹാരണമെന്നപോലെ,
കാലാന്തമേഘയുഗഘട്ടനമെന്നപോലെ,
കോലാഹലത്തോടു മൊരുൽക്കടമല്ലയുദ്ധ-
ഹേലാവിശേഷമവിടെത്തരസാ നടന്നു. ൨൨൫

നീലാരവിന്ദമിഴി പിമ്പിലുയൎന്ന യുദ്ധ-
കോലാഹലം ഝടിതി കേട്ടു തിരിഞ്ഞനേരം,
മാലാൎന്ന ചാരനുടെ മാറിലിരുന്ന സിംഹ-
ബാലാഭനാം പ്രിയതമൻെറവപുസ്സുകണ്ടു. ൨൨൬

മാറത്തുനിന്നുമെഴുന്നേററു, തെറിച്ചുപോകും-
മാറത്രകാലിനൊരു തട്ടുകൊടുത്തു രാമൻ,
ഏററത്തടിച്ചവനെയൂക്കൊടെറിഞ്ഞു ദൂരെ-
ക്രൂരററു. ദുന്ദുഭിവപുസ്സിനെയെന്നപോലെ. ൨൨൭

'ചാകാതെ ചത്തു' വിടനാകിയ ഭീരുവന്ത-
ശ്ശോകാതിരേകതനുപീഡകളോടുകൂടി
പോകാനുറച്ചിതു; പലായനമാണു ഭീരു-
സ്വീകാരയോഗ്യമൊരു യുദ്ധപരാജയത്തിൽ. ൨൨൮

പ്രത്യാഗമിക്കുമവനിൽ പ്രതികാരഭീമ-
പ്രത്യാശയുള്ളതൊരു ഭീഷണഭാഷണത്താൽ
സത്യാൎപ്പണത്തൊടു തെളിച്ചുരചെയ്തു ചാര-
കൃത്യാവധാനവിഷധാരി വിനിൎഗമിച്ചു. ൨൨൯

ഐക്യം.

വൈമാനികാത്ഭുതരവൈദ്യുതവേഗമോടു-
മീമാതിരിക്കുടനടിക്കടി സംഭവങ്ങൾ,
ഹൈമാദ്രിയിൽ പ്രകൃതിലീലകൾപോലെ, പത്മ-
വാമായതാക്ഷിയവൾ കണ്ടു പരിഭ്രമിച്ചു. ൧൨൦

ധീവിഭ്രമാകുലതതീർന്നിട്ടുമാറു വേഗ-
മാ വിദ്രുമാധരിയൊടേവമുരച്ചു രാമൻ—
"മാവിന്നെഴും മറവിനാലയി! ഞാനുപാന്ത-
ഭൂവിങ്കലെത്തിയതു കണ്ടതുമില്ല നിങ്ങൾ; ൧൨൧

"നീചാധമൻെറ വരവും, നിലയും, വിശിഷ്യ
വാചാമഗോചരമപേക്ഷയു, മക്ഷണത്തിൽ
നീ ചാരുഗാത്രി, നിരസിച്ചതുമൊക്കെയന്തി-
ശ്രീചാർത്തുമീ മറവിലായ് മരുവിഗ്രഹിച്ചേൻ. ൧൨൨

"നെന്മേനിവാകയുടെ നന്മ വഹിച്ചിടുന്ന
നിന്മേനിതൊട്ടിടുവതിന്നു തുനിഞ്ഞനേരം
ഉന്മേഷമോടവനെയാശു തടുത്തു ഞാ; നെൻ-
പൊന്മേടയിൽ പുക പിടിപ്പതസഹ്യമല്ലോ" ൧൨൩

കാപട്യമേറിയ വിടൻെറ കടുത്ത ബുദ്ധി-
ചാപല്യമേവമുളവാക്കിയ സങ്കടത്തിൽ
ആപത്തൊഴിച്ച യുവകാമുകനേ ചലൽഭ്രൂ-
ചാപത്തിനാലവളടിച്ചു കൃതജ്ഞപോലെ ൧൨൪

സത്ത്യാനുരാഗമവനോടു ജനിച്ചിരുന്നു
തി, ത്യാഗസുന്ദരമഹാത്ഭുതവീരവൃത്ത്യാ,
അത്ത്യാത്മസംഭൃതകൃതജ്ഞതയോടുകൂടി
സ്സത്ത്യാഭിവൃദ്ധിനിലപൂണ്ടു നിറഞ്ഞിതുള്ളിൽ. ൧൨൫

തൂവാനിലിന്ദുരുചിപോലെ വെള്ളത്തവാവിൽ,
പൂവാടിയിൽ പുലരവേ പുതുകാന്തിപോലെ,
ആ വാമഗാത്രിയുടെയുള്ളു തുലോം കവിഞ്ഞു-
തൂവാൻ തുടങ്ങിയനുരാഗമവൻെറ പേരിൽ. ൧൨൬

കൊണ്ടാട്ടു'മാലി' നൊരു 'മാവൊ'ട്ടമൊത്തുകൂടി-
യുണ്ടാകുമൈക്യ-മൊരു ദൈവികമായ ബന്ധം-
രണ്ടാൾക്കുമേവമുളവായിതു; പൂർവ്വപുണ്യം-
കൊണ്ടാണുചേരുവതു കാമുകരിപ്രകാരം. ൧൨൭

പ്രതിക്രിയാനിശ്ചയം.

ആപാദചൂഡമിലപോലെ വിറച്ചു തീവ്ര-
കോപാന്ധനായ് കൊടിയ ദുന്നയനായ ചാരൻ,
സ്വാപാവമാനപരിഹാരമശുദ്ധാഗ്രദ്ധ-
വ്യാപാരചര്യ്യവഴി നേടുവതിന്നുറച്ചു. ൧൨൮

നാരീതിരസ്കൃതിയൊടും യുവകാമുകൻെറ
ശാരീരശക്തിയറിവാനിടയായമൂലം,
ദൂരീകരിച്ചു ദുരയെ പ്രതികാരചിന്താ-
പാരീണനായിതു പരാജിതനായ പാപി. ൧൨൯

"എണ്ണിസ്വഭാൎയ്യയിനിയെന്നു ഗണിച്ച 'പീറ-
പ്പെണ്ണിൻെറ' നാടനൊരു കാമുകനാം 'ചെറുക്കൻ'
കണ്ണിൻെറ മുമ്പി-ലവളംകാൺകെ-യെടുത്തെറിഞ്ഞു
'മണ്ണിൽ സ്വരൂപമെഴുതിച്ചു' തസഹ്യമായി. ൧൩൦

ഭീമപ്രതിക്രിയയൊരുൽക്കട രാക്ഷസീയ-
ഹോമസ്വഭാവപരമാക്കിയതിൻെറയുള്ളിൽ,
ഗ്രാമസ്ഥിതപ്രഭുകുടുംബഗജത്തെ രുക്ഷ-
നാ മന്ത്രവാദി ബലി നൽകിടുവാനുറച്ചു. ൧൩൧

ആ രണ്ടുപേരുമമരും ഭവനം മണൽപ്പാ-
ഴാരണ്യമാക്കുവതിനായ് 'മനയോല'യിങ്കൽ,
ആ രക്തകാൎയ്യപരിപാടി രചിച്ചു, കള്ള-
പ്രാരംഭവേല ഖലനങ്ങുടനേ തുടങ്ങി. ൧൩൨

ചിന്തിച്ചുറച്ചു ചിലതാശു തിരിച്ചു വീട്ടി-
ലന്തിക്കുചെന്നു മുറിയിൽക്കയറിത്തരത്തിൽ
പന്തിക്കു വേണ്ട പണിചെയ്തു; നികൃഷ്ടചാര-
പ്പന്തിൻെറ പേക്കളികളേതുവിധം വരുന്നോ ? ൧൩൩

അത്താഡനത്തിനിടയായൊരു ശത്രുവീട്ടി-
ലത്താഴമുണ്ണമവനന്നു കഴിച്ചിടാതേ,
ഏത്താടി വേഗമവിടുന്നു ഗമിച്ചു, യാത്രാ-
വൃത്താന്തമാരുമറിയാത്ത വിധത്തിലല്ലിൽ. ൧൩൪

കണ്ടില്ലടുത്ത ദിവസത്തിലയാളെ; "യെങ്ങോ
മണ്ടിക്കളഞ്ഞിതവനെ"ന്നു നിനച്ചു നാട്ടാർ;
ചണ്ടിക്കരിങ്കുഴലി വാർത്തയറിഞ്ഞപാംഗ-
വണ്ടിൻെറ വാർകലവി കാമുകനിൽ പൊഴിച്ചു. ൧൫൫

വിവാഹനിശ്ചയം.

വല്ലാത്തവാർഷികകൃഷിശ്രമസങ്കടങ്ങ-
ളെല്ലാമൊഴിഞ്ഞു, മഴ പോയതുപോലെ വാനിൽ
ഉല്ലാസമായ്, പ്രഭുകുബേരനുദാരദാര-
സല്ലാപസംഭൃതകുതൂഹലയായിരുന്നു. ൧൫൬

തട്ടത്തിലുള്ള തളിർവെററില നൂറു തേച്ചു
മട്ടഞ്ചിടും മധുരപൂഗമൊടൊത്തുകൂടി,
ചിട്ടയ്ക്കു കാന്തനു തെറുത്തു കൊടുത്തു ഭാര്യാ-
പട്ടത്തിനർഹത നതാംഗി വെളിപ്പെടുത്തി. ൧൫൭

ഒന്നിച്ചിരു'ന്നൊരു മുറുക്കു മുറുക്കി' യുള്ളി-
ലുന്നിദ്രരാഗമവരന്നേന്തിയിരുന്നതപ്പോൾ,
കുന്നിച്ച ഭംഗിയൊടു വാക്കുകളാൽ പുറത്തു
മിന്നിത്തെളിഞ്ഞു, വദനങ്ങളിലും വിശേഷാൽ. ൧൫൮

കല്യാണഗാത്രിയൊടുരച്ചിതു കാന്തനേവം:—
'കല്യാശയേ' ഭവതിയെന്തു പറഞ്ഞിടുന്നു ?
കല്യാണമസ്തു; മകളിന്ദിരതൻെറ 'കെട്ടു-
കല്യാണ'മിഗ്ഗുഡുവിലാശു നടത്തണം നാം. ൧൫൯

“കെട്ടുന്നതേക, നപരൻെറ കളത്രമെന്ന
മട്ടുള്ള †സംസ്കൃത വിവാഹവിധിക്രമത്തെ
‘ഒട്ടുക്കുമാററി’ മകളെശ്ശുഭവാസരത്തിൽ
കെട്ടും വരൻെറ വധുവാക്കണമത്ര നമ്മൾ. ൧൪൦

“പ്രായം തികഞ്ഞ മകളെപ്പതിയോടു ചേൎക്കാ-
നായത്തമപ്പിതൃജനങ്ങളനാസ്ഥയെന്യേ
ന്യായപ്രകാരമിഹ ചെയ്യണ; മീശ്വരേച്ഛ-
യ്ക്കായത്ര വിട്ടിടുക കൎമ്മഫലാനുഭൂതി. ൧൪൧

“മിന്നൽപ്രകാശമയരുന്നിടവത്തിലെൻെറ
പൊന്നമ്മിണിക്കു പതിനേഴുവയസ്സു ചെല്ലും;
നന്നല്ല പുത്രിയവിവാഹിതയായി വീട്ടി-
ലൊന്നങ്ങിരിപ്പതു ‘നരച്ചുതുടങ്ങുവോളം’. ൧൪൨

“മററാരുമല്ലിവളെ മാലയിടേണ്ടു; തെൻെറ-
യുററാളുമൊററയവകാശിയുമായ രാമൻ
തെററാതെ തെല്ലുമനുരൂപനിവൾക്കു; ‘തമ്മിൽ
പററാതിരുന്നിടുകയില്ലി’വർ ജീവിതത്തിൽ. ൧൪൩

“ആശാൻെറ ജാതകപരീക്ഷകളാലനല്പ-
മാശാസ്യമായൊരു ‘പൊരുത്ത’മിവൎക്കു തമ്മിൽ
ആശാനുകൂലമിഹ കണ്ടു; വരാൎത്ഥമെന്തി-
ന്നാശാന്തരങ്ങളിലിനിത്തിരയുന്നു നമ്മൾ? ൧൪൪

"ഈയാണ്ടിലെന്റെ കൃഷിദേവത സുപ്രസന്ന-
യായാ;ളറപ്പുരകളൊക്കെ നിറഞ്ഞിരിപ്പൂ;
ആയാസമില്ലൊരടിയന്തിരമൊട്ടു ഘോഷ-
മായാത്മതൃപ്തി വരുമാറു നടത്തുവാനും. ൧൱൩

"മാസം പിറന്നൊരു വിവാഹ മുഹൂർത്തമുള്ള-
തീ സൽക്രിയയ്ക്കുപകരിച്ചിടുമാവിധത്തിൽ
നീ സജ്ജമാക്കിടുക മന്ദിര, മിന്നു തൊട്ടൊ-
രാസന്നമംഗളമഹത്തിനു തക്കമട്ടിൽ." ൧൱൪

ചിന്തും രസത്തൊടു കുടുംബിനി തന്റെ വംശ-
തന്തുപ്രബന്ധമിതുമാതിരി കേട്ടപോതിൽ,
സന്തുഷ്ടയായ് പ്രിയതമന്റെ മതത്തെയുള്ളിൽ
പൊന്തുന്ന ഭക്തിയൊടുമൊത്തു സമാദരിച്ചാൾ. ൧൱൫

ഈ വർത്തമാനമഥ ഭൃത്യരറിഞ്ഞു; വേഗ-
മാവർത്തനത്തിലയലത്തു ചെന്നുചേർന്നു;
ഏവർക്കുമുത്സവമടുത്തതുപോലെ, മോദ-
ഭാവം തുലോം ഹൃദയമാകെ നിറഞ്ഞുപൊങ്ങി. ൧൱൬

വീട്ടിൽ ശുചീകരണവേല നടത്തി, വീതി-
കൂട്ടി പ്രവേശനവഴിക്കു മുറയ്ക്കു മുമ്പിൽ,
ഊട്ടിന്നു വേണ്ടിയൊരു കൊട്ടിലുകെട്ടി, തൂണു-
നാട്ടിക്കിളത്തിയൊരു പന്തലുമങ്കണത്തിൽ. ൧൱൭

പച്ചപ്പനങ്കുലയൊടും കുലവാഴകെട്ടി-
വെച്ചു,ജ്ജ്വലിതദ്യുതിയെഴുന്ന കരിക്കു ചാൎത്തി;
ഉച്ചത്തിലെത്തിയൊരു പന്തലിനുജ്ജ്വലിച്ച
തച്ചന്റെ വേലയുടെ ഭംഗി 'തഴച്ചുകണ്ടു'. ൨൫൦

പട്ടാംബരങ്ങളഴകോടു പടുത്തു വൎണ്ണ-
ത്തിട്ടാളിടുന്ന ചില ചിത്രപടങ്ങൾതൂക്കി,
മട്ടാൎന്ന പന്തലുമഭംഗുരമായൊരെട്ടു
കെട്ടായ വീടുമൊരുപോലെയലങ്കരിച്ചു. ൨൫൧

സീമന്തപുത്രിയുടെ മംഗളകൎമ്മമാത്മ-
കാമപ്രകാരമഴകോടു കഴിച്ചുകൊൾവാൻ,
സാമൎത്ഥ്യമോടു സദനാധിപനും സമസ്ത-
സാമഗ്രി സംഭരണമമ്പൊടു ചെയ്തു തീൎത്തു. ൨൫൨

മിത്രങ്ങളും പ്രിയജനങ്ങളുമാ വിവാഹ-
സത്രത്തിനെത്തുവതിനാദരവോടുകൂടി,
തത്ര സ്വമുദ്രയഴകോടു പതിച്ചു താല-
പത്രങ്ങളിൽ പ്രഭുവസംഖ്യമെഴുത്തയച്ചു. ൨൫൩

വൈവാഹികാരുണന്നണഞ്ഞിതു; വൈദികോൎവ്വീ-
ദേവാഢ്യരോടു ബഹുബന്ധുസുഹൃജ്ജനങ്ങൾ
ശ്രീവാച്ചുമസ്സദനസീമനി വന്നു, നല്ല
പൂവാടിയിൽ ദ്വിജവരാളികളെന്നപോലെ. ൨൫൪

സ്സ്നാനാർച്ചനാർത്ഥനവധാന്യ വിശേഷവസ്ത്ര-
ദാനാദിയോടു വഴിവാടുകളും വിശേഷാൽ
മീനാക്ഷിയിന്ദിര യഥാവിധിചെയ്തു; മേന്മേൽ
പീനാത്മഭക്തിയോടു മംഗളവാസരത്തിൽ. ൧൭൩

കാലാനുകൂലമതികൌതുകമോടു മഞ്ജു-
ലീലാകളോക്തികളുരച്ചു സഖീജനങ്ങൾ
ബാലാമനോജ്ഞമണി 'പെൺപിളയെ'സ്സുഗന്ധ
മാലാംബരാഭരണഭൂഷിതയാക്കിയന്നാൾ. ൧൭൪

## മാപ്പിളപ്പുറപ്പാട്.

മാത്രാന്തരേ 'പുതിയമാപ്പിള' തന്റെ ഘോഷ-
യാത്രാമഹോത്സവവിളംബരമംബരത്തിൽ,
തത്രാപതിച്ചു പടഹാദിവിശേഷവാദ്യ-
ചിത്രാരവക്കളിവഴിക്കു 'വഴിത്തലയ്ക്കൽ'. ൧൭൫

പാട്ടും മഹാപടഹനാദമൊടൊത്തു മേളം
കൂട്ടുന്നവൻവെടികളും വെളിവായുഷസ്സിൽ,
കേട്ടുത്സവോത്സുകതയോടു മുണർന്നടുത്ത
നാട്ടുമ്പുറത്തമരുമാളുകളോടി വന്നാർ. ൧൭൬

ഗ്രാമാംഗനാമണികളീദൃശഘോഷയാത്രാ-
ശ്രീമാന്യ മംഗളമഹോത്സവദർശനത്തിൽ,
സീമാവിഹീനകുതുകാത്ഭുതഭാവജാത-
രോമാഞ്ചകഞ്ചുകമണിഞ്ഞു സമാഗമിച്ചു. ൧൭൭

ധാരാളമായിളകി വേഗമടുത്തകാഴ്ച-
ക്കാരായ പോഷകസരിത്തുകളോടുകൂടി,
ആ രാജദൂതസവമനോഹര ഘോഷയാത്രാ-
ദാരാമരാപഗ 'നിറഞ്ഞൊഴുകി'ത്തുടങ്ങി. ൧൩൦

നാഗസ്വരാശംഖുര പാതന്നിനാദമിശ്ര-
നാഗസ്വരാദി മധുരധ്വനിയോടുകൂടി,
ഈ ഗണ്യമംഗളമഹോത്സവ ഘോഷയാത്രാ-
യോഗംപ്രഭുപ്രവര ഗേഹമുഖത്തിലെത്തി. ൧൩൧

മംഗല്യഗാത്രിമണിമാരധുനാ വിവാഹ-
രംഗത്തിലേയ്ക്കു 'കുരവാരവ' മോടുകൂടി,
ഭംഗംവിനാ വരനെവന്നെതിരേററിതല്ല-
മംഗല്യ പൂർണ്ണഘടദീപശുഭാഭയേന്തി. ൧൩൨

കല്യാണമണ്ഡപവരാസനമേറി, മാര-
കല്യാംഗമഞ്ജുസുഷമാവഹനായ രാമൻ
'കല്യാണഹാര' മഴകോടുമെടുത്തു, സാദ്ധ്വി
കല്യാണിതൻെറ വരവങ്ങനെ കാത്തുനിന്നു. ൧൩൩

ശ്രീമംഗളോത്സവമുഹൂർത്തമണഞ്ഞു; ബന്ധു-
സ്ത്രീമണ്ഡലാവൃതകുമാരിയെയമ്മയപ്പോൾ,
ആ മണ്ഡപസ്ഥലിയിലേക്കുമതിപ്രഹർഷ-
പ്രേമപ്രകർഷമൊടു സാദരമാനയിച്ചു. ൧൩൪

മന്ദാക്ഷരമ്യമുഖിയിന്ദിര, മാരമന്ത്ര-
മന്ദാക്ഷരാഭരണനിസ്വനമോടുകൂടി,
കുന്ദാഭകോമളമമലസ്മിത മേന്തി, യാത്മാ-
നന്ദാനുഭൂതിയോടുമത്ര സമാഗമിച്ചു. ൱൰൩

വിഘ്നം.

കോലാഹലത്തോടു മുറയ്ക്കുവരൻ വിവാഹ
മാലാവിശേഷമുടനേ വധുവിൻ ഗളത്തിൽ
ചേലാൎന്നണിഞ്ഞിടുവതിന്നു മുതിൎന്നു; വിഘ്ന-
സ്ഥൂലാശനിദ്ധ്വനിമുഴങ്ങി മുഖാങ്കണത്തിൽ. ൱൰൪

വഞ്ചിക്ഷമാരമണമുദ്ര വഹിച്ചു, നേത്ര-
മഞ്ചിച്ചിടുന്ന കരവാളമെടുത്തു കയ്യിൽ,
വഞ്ചിക്കുമാറുയമകിങ്കരർപോലെ, നാല്പ-
ത്തഞ്ചിൽപരം ഭടരകത്തു കരേറി വന്നാർ. ൱൰൫

ആ നീചചാരപുരുഷാധമനാലമന്ദ-
മാനീതരാമതിഭയങ്കര കിങ്കരന്മാർ
പൂനീലവേണിയുടെ മംഗളകൎമ്മമഞ്ജു-
പാനീയഭാജനമുടച്ചിടുവാനണഞ്ഞാർ. ൱൰൬

മുറവുന്ന മുഷ്ക്കൊടു മനോഹര മണ്ഡപത്തിൻ
ചുറവുംവളഞ്ഞു പടയാളികൾ വന്നുനിന്നാർ;
മുറവുള്ള കാണികൾ,'ഇതെന്തൊരനൎത്ഥമാണു
പറവുന്നതെ'ന്നു നിരൂപിച്ചു പകച്ചു നിന്നു. ൱൰൭

ഢശ്ശങ്ക കൊണ്ടവിടെയുള്ള ജനങ്ങളെല്ലാം
നിശ്ശബ്ദരായി നില്ക്കെ കൊണ്ടൊരു വേളയിങ്കൽ,
അശ്ശസ്ത്രപാണി ഗണനായകനുച്ചമായി
നിശ്ശങ്കമീദൃശവചോഗരളം വമിച്ചു. ൧൫

"ചാരത്തു നിൽക്കുമൊരു ചാരുവിദഗ്ദ്ധനാമി-
ച്ചാരൻകൊടുത്ത തെളിവിൻെറ ബലം നിമിത്തം,
സാരജ്ഞനാം സചിവനാലിഹ ഞങ്ങളിന്നീ-
നേരത്തു വന്നിടുവതിന്നു നിയുക്തരായാർ. ൧൬

"നില്ക്കട്ടെ മംഗളമഹോത്സവമാശു; മാറി-
നില്ക്കട്ടെ പൂവരണമാലയണിഞ്ഞിടാതെ
കല്യാണവാണി; നൃപമന്ത്രിവരാജ്ഞയാണി-
തുല്ലംഘനം കൊണ്ടു ഫലമില്ലിതലംഘനീയം. ൧൭

'കൂടപ്രവർത്തന പടുത്വമിയന്നൊരെട്ടു-
വീടക്കു തങ്ങളുടെ രാജവധോദ്യമത്തിൽ,
കൂടക്കലെന്നൊരു കുടുംബമിതെന്നുതള്ളി-
ക്കൂട്ടപ്പെടാത്ത തെളിവുള്ളതറിഞ്ഞുകൊൾവിൻ. ൧൮

"സച്ഛന്ദമീ നിപുണചാരനൊളിച്ചു വേഷ-
പ്രച്ഛന്നനായിവിടെ വന്നു വസിച്ച നാളിൽ,
തച്ഛത്രു സംഘടന രേഖകളൊട്ടനേക-
മിച്ഛക്കു കിട്ടിയവ സാക്ഷികളായിരിപ്പൂ. ൧൯

"മോഹാന്ധനിപ്രഭുകുബേരനനല്പമഷ്ട-
ഗേഹാധിപക്ക്വസരോചിതമപ്പൊളപ്പോൾ,
സാഹായ്യമേകിയതിനാലധുനാ സ്വരാജ-
ദ്രോഹാപരാധഫലനശിക്ഷ സഹിച്ചിടേണം. ൧൩൩

"രക്ഷാധികാരി ദളവായുടെ സർവ്വശത്രു
പക്ഷാനുകൂലികളിലുള്ള വെറുപ്പുമൂലം
ശിക്ഷാക്രമം മഴകണക്കു പജാപ ത്രുക്ഷ-
വൃക്ഷാഗ്രശാഖികളെ വേരൊടറുത്തിടുന്നു. ൧൩൪

"തീയിട്ടുചുട്ടിടണമാലയ,മീ ഗൃഹസ്ഥ-
നായിട്ടിരിക്കു മിവനെസ്സകുടുംബമിപ്പോൾ,
നായിക്കു ചങ്ങലയിടുംപടി കെട്ടിയാട്ടി-
പ്പായിക്കണം വെളിയിലുത്തരവിത്തരത്തിൽ. ൧൩൫

"ചാവാനിവക്കു പരമർഹതയുണ്ടു ശത്രു-
സേവാരതത്വമിയലുന്നൊരു കാരണത്താൽ;
ആ വാച്ച ശിക്ഷയരുളാതിവരെ ക്ഷണത്തിൽ
തോവാള തന്നുടെയതിർത്തി കടത്തിടാം ഞാൻ". ൧൩൬

ഇമ്മാതിരിക്കു പടനായകനോതി സർവ്വ-
സമ്മാന്യനാംപ്രഭു പറഞ്ഞ നിഷേധവാക്യം
ചുമ്മാതെതള്ളി, യൊരിരുമ്പുവിലങ്ങെടുത്തു
സമ്മാനമായവനു സത്വരമേകി കയ്യിൽ. ൧൩൭

രാമൻെറ കയ്യിലുമിരുമ്പു വിലങ്ങടിപ്പാ-
നീമട്ടു ചെന്നു ചരിതാർത്ഥതപൂണ്ടു ചാരൻ
സാമൎത്ഥ്യമോടു പിടികൂടിടവേ, പദോഗ്ര-
വ്യാമർദ്ദനം ചെകടിലേററു നിലം പതിച്ചു. ൧൧൦

തട്ടാഞ്ഞു കിട്ടിയൊരു ചാരനഹോ! സ്വബോധം
കെട്ടാശുവീണളവു രാമനെയാവഴക്കിൽ
പട്ടാളനായകനടുത്തു തടുത്തു മിന്നൽ-
തട്ടിട്ടാർന്നവാളൊടി,ടിപോലെ,യുറച്ചുരച്ചാൻ :— ൧൧൧

"ഇസ്സാഹസം മതി; വൃഥാ സചിവൻെറ യാജ്ഞ-
നിസ്സാരമല്ല;തു നിനക്കു തടുത്തിടാനായ്
ദുസ്സാധമാണു; മൃഗരാജപരാക്രമത്തെ-
യസ്സാരമേയശിശുവെങ്ങു തടുത്തിടുന്നു? ൧൧൨

"മല്ലിട്ടിടേണ്ട, മണിമണ്ഡപരംഗപീഠ-
മല്ലി,ക്കണക്കിനു നിനക്കുചിതം വസിപ്പാൻ;
കല്ലിട്ടിരുട്ടറ; കഴുത്തിലിടേണ്ടതെന്തു
ചൊല്ലിത്തരാം മരണമാലയുമാണു നൂനം" ൧൧൩

സേനാഗണാധിപതിയേവമുരച്ചനേർശല
സൂനാംഗി പൂവരണമാല പിടിച്ചുനില്ക്കേ,
നാനാജനങ്ങളുഴറീടവെ,യത്തുദാര-
മാനാർഹനായ തരുണന്നു വിലങ്ങുവെച്ചു. ൧൧൪

ജായാത്മജാസഹസുതാനപിതന്നാ, യസഹ്യ-
മായാമഹാഹതവിധിക്കു വശത്തിലെത്തി,
ശ്രീയാലുമാപ്രഭുവുപേക്ഷിതനായി, സവ്-
ദായാദിയാലുമുടനെന്തനുശോചനീയം? ഫവൃ൭

ഭൂപാധികാരികളിലുള്ള ഭയാതിരേക-
വ്യാപാരശക്തിയുടെ തീക്ഷ്ണവിജൃംഭണത്താൽ,
ധീപാരവശ്യമുളവായ ജനങ്ങളാത്ത-
താപാത്തരക്ഷയിലശക്തത പൂണ്ടുനിന്നാർ. ഫവൃ൮

വല്ലാത്ത ഗൌരവമൊട്ടം പൃതനാധിനാഥ-
'നെല്ലാരുമാവലിയ സത്മമൊഴിഞ്ഞിറങ്ങാൻ'
ചൊല്ലാന്നൊരാജ്ഞ വഴിപോലെ കൊടുത്തു, ദപടി-
ച്ചുല്ലാസമററഥ പുറത്തു കടന്നു നാട്ടാർ. ഫവൃ൯

രാമാംഘ്രി പാതശിഥിലീകൃതഗണ്ഡനായോ-
രാമാനവൻെറതടി സതപരമസ്സുബേദാർ
സാമാന്യസൈനിക ഭിഷഗപരനേകി, രാജ്യ-
സീമാന്തയാത്രയുടെ 'വട്ടമിണക്കി' നിന്നാൻ. ഫവൃ൰

ബഹിഷ്കരണം.

ധീരാശയ പ്രകൃതിമാതുല ഭാഗിനേയ-
ന്മാരായ ശൃംഖലിത പാണികളോടുകൂടി,
വാരാളുമിന്ദിരയുമമ്മയുമുള്ള ദുഃഖ-
ഭൂരാന്യദേശഗമനം തരസാതുടങ്ങി. ഫവൃൻ

മററത്തിറക്കിയുടമസ്ഥരെയുന്നതശ്രീ-
പെററന്നലം കൃതികളേന്തിയ മന്ദിരത്തെ
ഉററഗ്നി ദേവനിരയാക്കുവതിന്നു തക്ക-
മററബ്ഭടാധിപതിയാജ്ഞകൊടുത്തുനിന്നു. ൧൯൦

പട്ടാളനാഥനുടെ കല്പനകേട്ട 'കാട്ടു-
മുട്ടാളരായ' ചില കിങ്കരർ ശങ്കയെന്ന്യേ,
മട്ടാളുമാമണിഗൃഹത്തിനു തീ കൊളുത്തി
വിട്ടാരമന്ദ; മതുകണ്ടവരിണ്ടൽപൂണ്ടു. ൧൯൧

അഗ്നിബാധ.

കെട്ടിച്ചിരുന്ന പനയോലയെരിഞ്ഞു നീറി-
പ്പൊട്ടിത്തെറിച്ചു; പുകതൂണുകളെന്നപോലെ
കട്ടിക്കുയർന്നു ബത! ദിക്കുകളാശു കാർമേൽ-
കട്ടിക്കരിമ്പുടവ ചാർത്തിയ വേഷമാർന്നു. ൧൯൨

കാണായ് മുരുക്കുമര മായിരമൊത്തുപൂത്തു
ശോണാഭമായ കുസുമങ്ങളണിഞ്ഞതഃപോലെ,
ചേണാർന്ന വീട്ടിനു പിടിച്ചു തുലോം കിളുന്ന-
ക്ഷീണാഗ്നിതൻെറ നെടുനാക്കുകളംബരത്തിൽ. ൧൯൩

ബാലപ്രഭാകരശതോദയ കാന്തിയുഷ്ണ-
കാലപ്രഭാതസമയങ്ങളിലെന്നപോലെ,
ചേലഞ്ചുമാലയമെരിച്ചനലൻെറ ദീർഘ-
ജ്വാലയ്ക്കെഴും പ്രഭ വളൎന്നിതു വാനിടത്തിൽ. ൧൯൪

അക്ഷത്രയോഗ്യതരമായ് പ്രതികാര പൂൎവ്വ-
ശിക്ഷയ്ക്കെഴും വികടശക്തി വെളിപ്പെടുത്താൻ,
ലക്ഷക്കണക്കിനു കനൽക്കൊടി, ധൂമകേതു-
നക്ഷത്രചണ്ഡതതിപോലെ നിരന്നുദിച്ചു. ൧൱൫

വാരുററ വീട്ടിനരികത്തു വളൎന്ന കേര-
ദാരുക്കളഗ്നിയുടെയുൾക്കട സംക്രമത്താൽ,
നീരുള്ള പേശലഫലങ്ങളൊടൊത്തു ദീൎണ്ണ-
താരുണ്യകാലമതിപൂണ്ടു കരിഞ്ഞുവീണു. ൧൱൬

പ്രാധാന്യമേറിയ ഗൃഹത്തിനുദിച്ചൊരഗ്നി-
ബാധാനിരുദ്ധഗതി കണ്ടു പരിഭ്രമത്താൽ,
സാധാരണ പ്രകൃതിശാന്തത നീങ്ങിയാപൽ-
ബോധാങ്കുരാകുലതയോടു കരഞ്ഞു ഗോക്കൾ. ൧൱൭

ഗോക്കൾക്കു കൂടിയ പരിഭ്രമമാശു മാട-
പ്രാക്കൾക്കുമെത്തി; അതുപിന്നെയനുക്ഷണത്തിൽ
ശാഖാക്കൾക്കു സമ്പ്രതി പകൎന്നു; കൃശാനുവിന്റെ
പേക്കൂത്തൽ കണ്ടിവ തുലോം വിളികൂട്ടി മേന്മേൽ. ൧൱൮

സംഭാവ്യമായ വരണത്തിനു സംഗ്രഹിച്ച
സംഭാരസഞ്ചയമശേഷവുമീഷലെന്ന്യേ,
ഡംഭാൎന്ന പാവകനു ഭക്ഷണമായി, മിത്ര-
സംഭാവനാ സകല സാധനമോടുകൂടി. ൧൱൯

ചാരപ്രയോഗഫലമാണു മഹാ വിപത്തി-
ന്നാരംഭമെന്നു തെളിയിപ്പതിനെന്നപോലെ,
ചാരത്തണഞ്ഞൊരു സമീരനടിച്ചുയൎന്നു
'ചാരക്കണിക്കളി' ഭയങ്കരമായിരുന്നു. ൧൦൦

അത്യാഹിതത്തിനുടെ തീക്ഷ്ണതയോൎത്തുമാത്മ-
ഹത്യാൎഹ കാമുക പിതൃസ്ഥിതി പാൎത്തുമാരാൽ,
നിത്യാധിവാസമണിമന്ദിര ഘോരരൂപ-
വ്യത്യാസവിഭ്രമമണമിന്ദിര നോക്കിനിന്നാൾ. ൧൦൧

മിണ്ടാതഹോ! ഹൃദയഭേദകമായ കാഴ്ച
കണ്ടായതാക്ഷി ഗളിതാശ്രുവൊടൊത്തുകൂടി,
തണ്ടാരിനൊത്തമുഖമൊട്ടു തിരിച്ചു താപ-
മുണ്ടായതമ്മയൊടു പങ്കിടുവാനവശ്യം. ൧൦൨

മാതൃചരമം.

സാരാഭിമാനമെഴ 'മീശചരിയമ്മ' ഭൎത്തൃ-
ഘോരാവമാനജ സുദുസ്സഹ ദുഃഖവായ്പാൽ,
വേരാകെ വെട്ടിയൊരു വേപഥുവേഗമാളു-
മാരാമവല്ലരി കണക്കു കിടന്നിരുന്നു. ൧൦൩

നിന്നാനിലയ്ക്കു നിശിതോഗ്രവികാര ശല്യ-
മൊന്നാഞ്ഞുടക്കി ഹൃദയത്തെയുടച്ചമൂലം,
അന്നായുധം കടലിലേററ കുരംഗിപോലെ-
യന്നായരമ്മയുയിരററു പതിച്ചിരുന്നു. ൧൦൪

മാതാവിനുള്ള തല മന്ദമുയർത്തിയാത്മ-
സ്ഥീതാദരത്തൊടുമെടുത്തു മടിക്കു മീതേ
ജാതാനുകമ്പയൊടു നന്ദിനി ചേർത്തു ബാഷ്പ-
പൂതാമൃതത്തിലതിനെ 'ക്കുഴകിത്തുടച്ചു'. ൧൦൫

ആ മാതൃഫാലമണിമണ്ഡന ദർപ്പണത്തെ-
സ്സീമാവിഹീന ഗുരുഭക്തിവിശേഷപൂർവ്വം
പ്രേമാന്ധയായ് മൃദുലചുംബനമഞ്ജുറോസ
പ്പൂമാലയാൽ സുത പുനഃ സമലങ്കരിച്ചു. ൧൦൬

സ്നേഹിക്കുമമ്മ മൃതയായതറിഞ്ഞു, ചേഷ്ടാ-
രാഹിത്യമോടു മകളാശു മഹീതലത്തിൽ
മോഹിച്ചു വീണു തളിർപോലെ തളന്നു, ദുഃഖ
സാഹിത്യരംഗഭുവി നായികയെന്നപോലെ. ൧൦൭

നേരായുണർന്നു കൃശോദരി പിന്നെ യശ്രു-
ധാരാഭിഷേകമവൾ തൻെറ കവിൾത്തടത്തിൽ
ധാരാളമച്ഛനലിവോടു കഴിച്ചു കമ്പി-
ട്ടാരാലിരിക്കുമൊരു വേളയിലായിരുന്നു. ൧൦൮

കത്തിജ്ജ്വലിപ്പൊരു കൃശാനു, കൃതാന്ത ലോക-
മെത്തിക്കഴിഞ്ഞ ജനയിത്രി, സുബാഹുവിങ്കൽ
കുത്തിക്കടിച്ചൊരു വിലങ്ങണിയും പ്രിയൻെറ-
യത്തിങ്കളാസ്യ—മിവയില്ലരികത്തു കാണ്മാൻ. ൧൦൯

നല്ലാരു താനനുഭവിച്ചതു സർവ്വമെന്നു
വല്ലാതെ കണ്ടൊരു ഭയങ്കരമാം കിനാവോ?
അല്ലാ; യഥാർത്ഥമവയൊക്കയുമെന്നറിഞ്ഞു
ഫുല്ലാരവിന്ദമിഴി പൂർവ്വവിചാരശക്ത്യാ. ൧൭൦

തീരാത്ത തീവ്രരുജപൂണ്ടുകിടന്നപൂർണ്ണ-
താരാധിനാഥമുഖിയോടു തദീയ താതൻ
തോരാത്ത കണ്ണുകൾ തുടച്ചുപറഞ്ഞു, തൊണ്ട
നേരായിടഞ്ഞു നെടുവീർപ്പൊടുമിപ്രകാരം:— ൧൭൧

സാന്ത്വനം.

"നീയസ്വബോധമയി,വീണു കിടക്കെ, മാതൃ-
കായത്തെയബ്ഭടരെടുത്തു മറച്ചു ചുട്ടാർ;
തീയഞ്ചിതാലയമെരിച്ചതു തന്നെ നിന്റെ-
തായയ്ക്കുമങ്ങുപകരിച്ചു മരിച്ചനാളിൽ. ൧൭൨

"രണ്ടായ് പിരിച്ചു പുനരെന്നെയുമെന്റെവീട്ടി-
ലുണ്ടായിരുന്നൊരു ചെറുക്കനെയും ക്ഷണത്തിൽ,
തണ്ടാളിടുന്ന ഭടരായവനെപ്പിടിച്ചു-
കൊണ്ടാശു പോയ് മലവഴിക്കു പുറത്തു തള്ളാൻ. ൧൭൩

"അന്യായമായവനെ 'യൊററതിരിച്ചു്', ഗ്രദ്ധ-
വന്യാന്ധകാരവഴി നാടുകടത്തി വിട്ടാർ;
കന്യാകുമാരിവഴി നമ്മളെയും വിശുദ്ധാ-
കന്യാമണേ! വെളിയിലാക്കി വിലങ്ങഴിച്ചാർ. ൧൭൪

"അഞ്ചായി നാളുകളഹോ! ഗതബോധ നിന്നെ-
യഞ്ചാതെട്ടത്തരിയൊരീവഴിയമ്പലത്തിൽ
നെഞ്ചാടിവന്നു മരുവുന്നു, വിനോദകാൎയ്യ-
സഞ്ചാരിദാനകരുണാത്ഭുതപാത്രമായ് ഞാൻ. ൨൰൫

"നല്ലാർ കുലങ്ങളണിയേണ്ടൊരുനല്ല വജ്ര-
ക്കല്ലായിരുന്ന സഹധൎമ്മിണി പോയതെന്യേ,
പുല്ലാണെനിക്കു പുരയും ധനവും; സ്വവസ്തു-
വെല്ലാം സ്വരാജ്യബലി പാവന സാധനങ്ങൾ. ൨൰൬

"ശോകാതിരേകതിമിരത്തിനു നാമധീന-
രാകാതെ, ധൈൎയ്യമണിദീപമെടുത്തുകയ്യിൽ,
സ്വീകാൎയ്യമാ 'മപരവഞ്ചി' പിടിച്ചുകേറി-
പ്പോകാം നമുക്കു ഭവസാഗരമുത്തരിപ്പാൻ. ൨൰൭

"പോകുമ്പൊളാത്മ പരിമാൎജ്ജനമൊന്നിനൊന്നി-
നാകുന്നപോലെ വഴിനീളെ നടത്തിയെന്നാൽ,
ധീ കുണ്ഠിതക്കട്ടകടത്തു കടന്നു ചെല്ലാ-
റാകും പ്രശാന്തസുഖദപ്രിയദർശനത്തിൽ." ൨൰൮

ദീർഘയാത്ര.

ഓരോന്നു താരുനിത്തുമാതിരി സാന്ത്വനാത്മ-
സാരോപദേശ മധുരോക്തികളോതിയപ്പോൾ,
ആരോമലിന്ദിര മനോബലമേന്തി, വീണ്ടു-
മാരോഗ്യലക്ഷ്മി തനുവല്ലിയിലാവഹിച്ചു. ൨൰൯

പൂമേനിയാളിന്നു പുനഃ സ്വശരീരശക്തി-
ശ്രീമേദുരാത്മബലപൂർണ്ണത പൂണ്ടനാളിൽ
'രാമേ' ക്ഷണേനാൽക്കലികയോടു ജഗൽപ്രസിദ്ധ-
'രാമേശ്വര'ത്തിനവരമ്പൊടു യാത്രയായാർ. ൧൧൦

പ്രാണാധികപ്രിയതമന്റെ മുഖാഭിരാമ-
ശോണാരവിന്ദ മധുരപ്രഭ മാർഗ്ഗമദ്ധ്യേ,
കാണാസ്സുഖം പ്രകൃതയാത്രയിലെന്നു, സാന്ദ്ര-
മേണാക്ഷിയാശതടവിത്തരസാ നടന്നാൾ. ൧൧൧

പുണ്യസ്ഥലങ്ങൾ.

രാധാമണാളനുടെ രാജിതമാം പ്രതിഷ്ഠാ-
ശ്രീധാമമേന്തിയൊരു ദീപ്തിയെഴുന്ന ദിക്കിൽ
—'രാധാപുരത്തി'— ലവരെത്തി തദൽക്കടാപൽ-
ബാധാനിവാരണചണാംഘ്രിയുഗം പണിഞ്ഞാർ. ൧൧൨

പൊന്താഴികക്കുടമെഴും ഹരിമന്ദിരത്തിൽ,
സന്താപനാശനപദാംബുജസേവനത്തിൽ,
സ്വാന്താശയം സുദൃഢമൂന്നി വിരാജിതേന്ദ്ര-
ദന്താവളപ്രവരയാന വലത്തു വെച്ചാൾ. ൧൧൩

കണ്ണന്റെ കാലിണയിലായ്ക്കമലത്തൊടൊത്ത
കണ്ണ,മ്പുറച്ച ഹൃദയത്തൊടു ചേർത്തു,കയ്യിൽ
വെണ്ണക്കളിർക്കബളമേന്തി വിശുദ്ധിയാകും-
വണ്ണം വഹിച്ച ഹരിഭക്തകളത്രവന്നാൾ. ൧൧൪

സങ്കീർണ്ണരാഗമൊടുമുത്തമഭക്തിയുള്ളിൽ
തങ്കീടുമാറു പരദേശപുരോഹിതന്മാർ,
സങ്കീർത്തനങ്ങളുരചെയ്യതു സങ്കടാശ്രു-
പങ്കീകൃതാസ്യമുപശാന്തിയുണർന്നു കേട്ടാം. ൧൧൪

ശ്രീകൃഷ്ണഭക്തതുണപകപദാത്ഥദാന-
വ്യാകൃഷ്ടരായ് പ്രിയശിഷ്യക്കളൊടും പശുക്കൾ
ഭ്രക്ഷ്രശ്രുലഭ്യസുഖമുണ്ടു നടപ്പതുദ്യൽ-
ശ്രീകൃഷ്ണസാരമിഴി കണ്ടു സമാശ്വസിച്ചു. ൧൧൫

ആൽ വാഴ ചൂതതരുമണ്ഡനകാന്തിയേന്തു-
'മാൽവാർ' പുരത്തിലവരെത്തിയടുത്ത നാളിൽ,
മാൽ വാതശീതശിതശക്തി കുറയ്ക്കുമാറ-
പ്പാൽ വാണിയും ജനകനും പല കാഴ്ച കണ്ടു. ൧൧൬

ലോകാന്തരാശ്രിതയശോ വിലസച്ചരിത്ര-
പ്രാകാരകോല, മരികാലപരാക്രമത്താൽ
പോകാതുറച്ചിവിടെ നില്പതു പൂർവ്വികേന്ദ്രാ-
ഭ്രകാന്തസംഗരകലാരതി കാട്ടിടുന്നു. ൧൧൭

ചുററിക്കിടപ്പൊരു കിടങ്ങിനകത്തു കല്ലിൽ-
പ്പുററിപ്പിടിച്ച പല നല്ല പണിത്തരങ്ങൾ
മററില്ല നാട്ടിലൊരിടത്തു, മതല്ല കാണ്മാൻ
തെററില്ലവയ്ക്കു നവശില്പ വിദഗ്ദ്ധദൃഷ്ട്യാ? ൧൧൮

തപിട്ടാൎന്ന കൃഷ്ണശിലകൊണ്ടു ചമച്ച നല്ല
കൊട്ടാരമത്ര കൊടുതായൊരു കോട്ടമെന്ന്യേ,
മട്ടാളി, നിൽക്കുവതു 'കണ്ണിനെളുപ്പമെങ്ങും
കിട്ടാത്ത' കമ്രതരമായൊരു കാഴ്ചയല്ലോ. ൨൩൦

ശ്രീവിശപവിശ്രുത വിമോഹനമായ 'ശമ്മാ-
ദേവി' പ്രധാന നഗരിക്കവരാശു പോവാൻ
ഭാവിപ്രയാണപരിപാടി രചിച്ചു; മഞ്ജു-
കാവി പ്രകാശവസനങ്ങളണിഞ്ഞു മെയ്യിൽ. ൨൩൧

ചെങ്കാറിനുള്ളിലൊരു മിന്നലുപോലെ രക്ത-
സങ്കാശ സംഭൃത പയസ്സണിഭാജനത്തിൽ
തങ്കാഭകോലുമലർ മാലികപോലെ, കാവി-
പ്പങ്കാംബരത്തിലമലാംഗി വിളങ്ങിനിന്നു. ൨൩൨

താരേശരമ്യമുഖി താതനുമൊത്തുപാന്ഥ-
ന്മാരേത്തുടൎന്ന വഴിയാറു തുഴഞ്ഞു നീളേ,
നേരേ തളൎന്നവിടെയെത്തവെ, യേകസത്രാ-
ഗാരേശസൽകൃതി ലഭിച്ചിതു ദൈവഗത്യാ. ൨൩൩

പൂവിൽ പിറന്ന കരുണാമയിയായലക്ഷ്മീ-
ദേവിക്കു പാരമനുകമ്പ മനക്കുരുന്നിൽ,
ആവിർഭവിപ്പതിനു തൽപദ പത്മയുഗ്മം
സേവിച്ചുചെന്നവരനന്തരമമ്പലത്തിൽ. ൨൩൪

ലോകോപകാരിണിയകത്തമരുന്ന ചാരു-
ശ്രീകോവിലിൻെറ മതിലിൻെറ പുറത്തളത്തിൽ,
നാകോഗ്രവിപ്ലവ വിചിത്രണഭംഗിയാത്മാ-
ശോകോപശാന്തിയുളവാക്കിയവ'ക്കു മേന്മേൽ. ൨൱൰൫

പൂമണ്ഡപത്തിനുടെ മച്ചിനകത്തു ദേവ-
സ്തോമത്തെയുഗ്രതയെഴും മഹിഷാസുരേന്ദ്രൻ
വ്യാമർദ്ദനത്തിനു തുടങ്ങവെ, യംബയുദ്ധ
സാമത്ഥ്യമാന്ന കഥ കല്പണി ചെയ്തിരിപ്പൂ. ൨൱൰൬

നാലമ്പലത്തിനുടെ താങ്ങുകളായനല്ല-
നീലപ്രകാശമണി ഭിത്തികളുള്ളവററിൽ
കൂലങ്കഷപ്രമദമേകിടുമച്ചുകൊത്തു-
വേലത്തരങ്ങളവരത്ഭുതമോടു കണ്ടാർ. ൨൱൰൭

കാളാംബുദോപമ മനോഹര കുന്തളശ്രീ-
വ്രീളാവിലാസമുഖിയായി, ഹിമാചലത്തിൽ
ഡോളാസുവണ്ണലതികാപ്രസവാഭയേന്തു-
മാളായുമംബികയെയത്ര രചിച്ചിരിപ്പൂ. ൨൱൰൮

ധീശാന്തിക്രൂടിവരുമാറിവകണ്ടു, പിന്നെ-
യാശാന്തരത്തിനു മുറയ്ക്കു ഗമിച്ചിടുമ്പോൾ,
ഭൂശാസ്ത്രപണ്ഡിതവരേണ്യ വിഹാരരംഗ-
*ശ്രീശാലിവേലി നഗരദ്യുതി കണ്ടുകൂടി. ൨൱൰൯

* ശ്രീശാലിവേലി=തിരുനൽവേലി.

നേരായൊരാവഴി ബഹിഷ്കൃതനാം യുവാവു-
മാരാലുഴന്നു വരുമെന്നൊരു സംശയത്താൽ,
പാരാതെയിന്ദിരയുമത്ഭുതമപ്പുരത്തി-
ലാരാഞ്ഞിടേണമവനെച്ചിരമെന്നുറച്ചു. ൨൱൩

ആദർശനോത്സുകതയോടു വിദൂരസീമ-
ശ്രീദർശനീയതയെഴും നഗരോദരത്തിൽ,
ആദർശഗണ്ഡഭുവി സുന്ദരി ദീർഘയാത്രാ-
സ്വേദപ്രസാധന വിശേഷമണിഞ്ഞണഞ്ഞു. ൨൱൪

കാണിക്കു കൌതുകരസാവഹമായ രത്ന-
വാണിജ്യമന്ദിര ശിരസ്സുകളംബരത്തിൽ,
കാണിക്കുമിപ്പുരിയിലുള്ള വിഭൂതി വജ്ര-
പാണിക്കെഴും നഗരികണ്ടു വിരണ്ടിടുന്നു. ൨൱൫

'നേരുള്ള'തായ തെരുവീഥികളിൽ പ്രയാണ-
ചാരുത്വമേറിയ വിമോഹന വാഹനങ്ങൾ,
വാരുററിടും പ്രഭവഹിക്കു മൃദുക്കൾ കാന്തി-
ചേരുന്ന * 'പാൽവഴി'യിലെന്നവിധം ചരിപ്പൂ. ൨൱൬

ദോഷാകരാനനമെഴും പരദേശ വിപ്ര-
യോഷാസമൂഹമിഹ ഗേഹമഹാസനത്തിൽ,
കാഷായവർണ്ണവസനാവൃതരായ് സുവർണ്ണ-
ഭൂഷാഗണങ്ങളുമണിഞ്ഞു വസിച്ചിടുന്നു. ൨൱൭

---

*പാൽവഴി=Milky way.

ആയാൾ ഗമിച്ചതു വടക്കുവഴിക്കുതാനെ-
ന്നായാസമോടവരറിഞ്ഞതിനാലതന്ദ്രം
പോയാരതേവഴി പിടിച്ചുതദാ, ശരീര-
വ്യായാമജാമയവിചാരവുമേതുമെന്യേ. ൨൪൫

പീനാഭ കോലുമൊരു പീഠമലങ്കരിച്ചു
മീനാക്ഷിയമ്മ മരുവും 'മധുരാ' പുരത്തിൽ
മീനാക്ഷിയും പ്രിയപിതാവുമണഞ്ഞു, മിത്ര-
ജ്ഞാനാഭിലാഷമിളിതാശയമോടുകൂടി. ൨൪൬

തുംഗപ്രഭാവമിയലുന്ന തുഷാരശൈല-
ശൃംഗങ്ങളായരുചിരോപല ഗോപുരങ്ങൾ,
മംഗല്യദേവിയുടെ ഗേഹയശോ വിലാസ-
ഗംഗയ്ക്കുതക്ക ജനനസ്ഥലമായിരിപ്പൂ. ൨൪൭

ശ്രീഗോപുരങ്ങളുടെ പേശലമായ പാർശ്വ-
ഭാഗോപലങ്ങളിലനുത്തമമാംവിധത്തിൽ,
നാഗോജ്ജ്വലാകൃതികൾ കൊത്തിയിരിപ്പതേതു
ഭൂഗോളശില്പിയുടെ കല്പനയായിരിക്കാം ? ൨൪൮

ഭംഗംവിനാ ഭവഭയാകുലരായ ഭക്ത-
ഭൃംഗങ്ങൾ ദേവിയുടെ പാദസരോരുഹത്തിൽ,
സംഗം ലഭിപ്പതിനു വന്നു ഭജിച്ചു ചേതോ-
രംഗം കുളിർത്തു നറുതേൻസുഖമാസ്വദിപ്പൂ. ൨൪൯

പട്ടാംബരം, പവിഴമാലക,ളന്യദിക്കിൽ
കിട്ടാത്ത നൽസ്ഫടിക നൂപുരകങ്കണങ്ങൾ,
തട്ടാന്റെ കല്പണികളെന്നിതുകൾക്ക കേൾവി-
യൊട്ടാളിട്ടും പ്രകൃതപട്ടണമദ്ധ്യതീയം. ൨൯൦

ചെങ്ങാതി രാമനുടെ ചേവടി പാൎത്തു ചെന്നാ-
ളുങ്ങാടിതോറുമവളന്യ വിചാര മെന്യേ,
അങ്ങായവന്റെ 'പൊടിപോലു'മതേ പുരത്തി-
ലെങ്ങാനമുള്ളതിനു കിട്ടിയതില്ല ലക്ഷ്യം. ൨൯൧

താപോദയം ഹൃദി; തലയ്ക്കു സഹസ്രകോടി
ദീപോപമാക്ക ഖരരശ്മികൾ; കാൽചുവട്ടിൽ
തീപോലെ കാഞ്ഞ മണൽ; ദുൎവ്വിധിതന്റെ ചണ്ഡ-
കോപോൽക്കടതപമിവകൊണ്ടവരന്നറിഞ്ഞു. ൨൯൨

ഏഴാംദിനാസ്തമയവേളവരെയ്ക്കു തീരെ-
പ്പാഴായവിശ്രമപരിശ്രമമാൎഗ്ഗണത്താൽ,
വേഴാമ്പൽപോലെ വെയിലത്തു തളൎന്നു വാടി
വീഴാറുമായി വിധുരാശയ വീഥിയിങ്കൽ. ൨൯൩

വണ്ടാറണിക്കുഴലിയാവഴിയിൽ പതിച്ചി-
ട്ടുണ്ടായിരുന്നൊരു മരത്തിനെഴുന്ന കൊമ്പിൽ,
മിണ്ടാതെയപ്പനുടെ കൈയ്യു പിടിച്ചു, വല്ലാ-
ത്തുണ്ടായ സംഭ്രമമൊടൊത്തു കഴഞ്ഞിരുന്നു. ൨൯൪

താന്തതമാന്ന മകളോടനുതാപപൂർവ്വ-
ശാന്തസ്വരത്തിലുരചെയ്തിതു താതനിത്ഥം:—
"സ്വാന്തത്തിലെന്തിനു നിനക്കു നിരാശ? രാമോ-
പാന്തത്തിലെത്തുമയി, നീയൊരു വാസരത്തിൽ. ൨൱൫

"കണ്ടില്ലിതേവരെയുമെന്നു മഹാനിരാശ-
ക്കുണ്ടിൽ പതിക്കുവതിനില്ലവകാശമേതും;
പണ്ടിണ്ടലോടു ദമയന്തി നളന്റെ വീഴ്ച-
കൊണ്ടീധരിത്രിയിലലഞ്ഞതുമെത്ര നാളിൽ? ൨൱൬

"ഈ മേദിനിക്കു ശരി തെക്കുകിഴക്കു വീചി-
ത്തുമേളമെപ്പൊഴുമുയർത്തിടുമാഴി വക്കിൽ,
രാമേശ്വരത്തിനവനന്നു ഗമിച്ചിരിക്കാം;
നാമേതു മാതിരിയുമെത്തണമസ്ഥലത്തിൽ." ൨൱൭

വാക്കേവമോതിയതു കേട്ടു വരാംഗി, തന്റെ-
യുൾക്കേറിടും വ്യഥ കുറച്ചു സമാശ്വസിച്ചു;
പൂക്കേളിപൂണ്ട പുരിപുക്കവരമ്പലത്തിൽ
പോയ്ക്കേറിവാണിതു പിറാവുകൾപോലെ രാവിൽ. ൨൱൮

സാദം വെടിഞ്ഞുഷസി പള്ളിയുണർത്തു ശംഖ-
നാദം ശ്രവിച്ചവരുണർന്നു, മനക്കുരുന്നിൽ
വേദസ്വരൂപിണിയെയോർത്തു വണങ്ങിയാത്മ-
പാദവ്യഥാകലിതപര്യടനം തുടർന്നു. ൨൱൯

'വൈഗാ' നദീനയനമോഹനവാമതീര-
ഭാഗാവലംബിതരുമണ്ഡിത സൽപഥത്തിൽ,
രാഗാതിരേക പരികമ്പിതഖേചരാഢ്യ-
സ്ത്രീഗാനമാം സുധ നടന്നിവരാസ്വദിച്ചാർ. ൨൩൦

കല്ലോലജാലകൃത ശീതളശീകരശ്രീ-
സല്ലോല വജ്രമണിമാലയണിഞ്ഞ തെന്നൽ
ഏല്ലോകതാപ പരിപീഡിതയാമവൎക്ക
തെല്ലോമനത്തനവിനന്നു തണുപ്പു ചേൎത്തു. ൨൩൧

പച്ചപ്പുടൎപ്പുകളു, മത്ഭുതമാം ശിരസ്സോ-
ടുച്ചത്തിലെത്തിയ തരുക്കളു, മാറവുവക്കിൽ
പിച്ചക്കളിയ്ക്കുണയുമാടുകളും മനസ്സിൽ
കൊച്ചമ്മിണിക്ക ചെറുതായൊരുണൎച്ച ചേൎത്തു. ൨൩൨

സ്നാനത്തിനും ഭുവനപാവനമായ തീൎത്ഥ-
പാനത്തിനും നദി കൊടുത്തു തണുത്തവെള്ളം;
ധ്യാനത്തിനായുപകരിച്ചിതു നിൎമ്മലാശ്ര-
സ്ഥാനപ്രസാധനനികുഞ്ജ നികേതനങ്ങൾ. ൨൩൩

രാവായിടുന്ന സമയത്തവരത്ര യാത്ര-
പോവാ, തപാര കൃപയാൎന്ന കൃഷീവലന്മാർ
ജീവാനുകമ്പയൊടു മേകിയ നല്ലൊരിഷ്ട-
ഭാവാതിഥേയപരിപൂജയുരീകരിച്ചാർ. ൨൩൪

മാനത്തഹസ്സതിയണഞ്ഞു പൊലിഞ്ഞു; സാവ-
ധാനത്തിലങ്ങനെ കഴിഞ്ഞിതു വാസരങ്ങൾ;
വേനൽപ്രതാപമതി ദുസ്സഹമായി; ദീൎഘ-
യാനത്തിനില്ലൊരവസാനവുമെന്നുതോന്നി. വന്നൂഞ

### രാമേശ്വരം.

ശ്രീരാമസേതുവിലനന്തരമഷ്ടദീൎഘ-
വാരാവസാനസമയത്തവരെത്തിയപ്പോൾ,
വീരാഗ്ര്യമിത്ര പരദിങ്മുഖയാത്ര പാൎത്തു
വാരാശികൂടി വിലപിക്കുകയായിരുന്നു. വന്നൂന്നു

സായാഹ്നസൂൎയ്യനരുണാംബര സംവൃതാഭ-
നാ, യാഴിയിൽ പരിപതിപ്പൊരു കാഴ്ചയുള്ളിൽ
ശ്രീയാർന്നൊരുന്നതഗൃഹത്തിനു തീ പിടിച്ചു-
പോയാ വിചാരഗതിയെപ്പുനരുദ്ധരിച്ചു. വന്നൂ൭

ഹാ! തുംഗമാം വിരഹ ദുഃഖമൊടൊത്തു താരിൻ-
മാതൃന്തിയന്തി ദിവസങ്ങളെ നീക്കിയപ്പോൾ,
സേതു ദൃഢം പണികഴിച്ച 'നളന്റെ' കൎമ്മ-
ചാതുൎയ്യമോൎത്തു വിധുരാശയ വിസ്മയിച്ചു. വന്നൂവ്വ

ദൂരത്തുനിന്നു കടൽവഞ്ചിക, ളൎക്കടൽവ്യാ-
പാരങ്ങളൊക്കെയുമൊതുക്കിയപായമെന്ന്യേ,
തീരത്തു വന്നിടുവതുണ്ടു;തുപോലെ സൎവ്വ-
ഭാരങ്ങളററ നിലയെത്തുവതെന്നു നിങ്ങൾ? വന്നൂൻ

അന്തിച്ചുവപ്പണിയകന്നി, തിരുട്ടു വന്നു
പൊന്തി ക്ഷണം, സുഖമകന്നൊരു ജീവിതത്തിൽ
ഉന്തിക്കരേറുമഴൽ പോലെ, പരന്നു, തത്വം-
ചിന്തിച്ചുനിന്നവരെയാവരണം കഴിച്ചു. ൱൨൫

രണ്ടാം ദിനത്തിലൊരു വൃദ്ധപുരോഹിതന്റെ
കൊണ്ടാടിടും സദുപദേശമൊടും വിശേഷാൽ,
രണ്ടാളുമമ്പൊടു 'പിതൃക്രിയ' ചെയ്തു പങ്ക-
മുണ്ടായിരുന്നതഖിലം കഴുകിക്കളഞ്ഞു. ൱൨൬

ആരാഞ്ഞറിഞ്ഞിതവ;'രയ്മ്പതു തീൎത്ഥയാത്ര-
ക്കാരായിരുന്ന മലയാളികളോടുകൂടി,
ആ 'രാമ'നഞ്ചുദിവസത്തിനു മുമ്പു ശുദ്ധ-
വാരാണസിക്കു ബത പോയൊരു' വൎത്തമാനം. ൱൨൭

കൂൎത്തു'ള്ളുടക്കളി' കറച്ചു വിഷം പുരട്ടി-
ക്കോൎത്തുഗ്രശക്തിയൊടുമെന്നതുപോലെ കാതിൽ
പേൎത്തും കടന്നൊരു ജനശ്രുതി പെൺകിടാവി-
നാൎത്തുള്ളിലാധിയതിരററു വളൎത്തിയല്ലോ. ൱൨൮

ഉൽപക്ഷ്മപംക്തിയണിയും നയനദ്വയത്തി-
ലുല്പന്നബാഷ്പഝരി കണ്ടുരചെയ്തു താതൻ:—
"അല്പം ക്ഷമിക്ക മകളേ! നിജഭക്തമഞ്ജു-
കല്പദ്രുവായകമലേശനനുഗ്രഹിക്കും. ൱൨൯

കാശിയാത്ര.

"കണ്ടാലുമീ മൃദുലമാം ചെടി, ഭൂതലത്തി-
ലുണ്ടായിരിപ്പതു തുലോം തല പൊക്കിയിപ്പോൾ,
കൊണ്ടാടി 'യുത്തര സുദർശനയന്ത്ര' ശക്തി-
യുണ്ടായപോലിലകളവ്വഴി ചൂണ്ടിടുന്നു. ൧൭

"പേണുറെറാരിച്ചെടി നമുക്കു 'വടക്കുനോക്കി'-
യാ,ണഞ്ചലിക്കുമിലയാം വിരലൊന്നു കയ്യിൽ
കാണുന്ന 'കാന്ത' മലർ സൂചികൾ 'കാശിയാത്ര-
യാണുള്ള കൃത്യമിനി'യെന്നു കഥിച്ചിടുന്നു. ൧൮

വിശ്വാധിനാഥ നിലനിശ്ചലമായ ഭക്തി-
വിശ്വാസമോടു നിജജീവിതയാത്ര ചെയ്താൽ,
ശിശ്വാമയം ജനനിപോലെ, നരന്റെ ദുഃഖ-
നിശ്വാസഹേതുവതു തള്ളിയകററിടുന്നു. ൧൯

പ്രക്ഷുബ്ധമാനസവികാരമടക്കി, ദിവ്യ-
ചക്ഷുസ്സുകാട്ടിയ വഴിക്കഥ കാശിയെത്താൻ,
ഭിക്ഷുക്കളായ് ജനകനും സുതയും നടന്നാ-
ര,ക്ഷുൽപിപാസകളെയൊക്കെയഗണ്യമാക്കി. ൨൦

യാത്രയ്ക്കുടുത്ത വഴികിട്ടിയ നല്ല പുണ്യ-
ക്ഷേത്രപ്രതിഷ്ഠിത ജഗൽഗുരു ദർശനത്താൽ,
നേത്രങ്ങളും ഹൃദയവും സുകൃതാർത്ഥപൂര-
പാത്രങ്ങളായ് പരമപൂതരിവർക്കു പാരം. ൨൧

വർഷകാലം.

വന്നു വഴിക്ക വലുതായൊരു വർഷകാല-
മൊന്നുററമോട്ടു; കടലുൽക്കടമായലച്ചു;
പൊന്നൂലുചങ്ങലയിടയ്ക്കുകൊളുത്തിയാടി-
നിന്നുക്കെട്ടെന്തലറിവാരിദവാരണങ്ങൾ. ൨൯൦

പൂർവ്വാചലത്തിലുയരും പുഴകൾക്ക പുഷ്ടി
പൂർവ്വാധികം പുലരുമാറു പുതുക്കരിങ്കാർ
നീർവ്വാർത്തു വാനിലിടിതിങ്ങി; മരുത്തുശക്തി-
പൂർവ്വാട്ടഹാസമൊടടിച്ചു തകർത്തുപാഞ്ഞു. ൨൯൧

ആവേഗവേഗമുയരും മലവെള്ളമാളും
കാവേരിയാംനദി കവിഞ്ഞൊഴുകിക്കഴിഞ്ഞു;
ജീവേച്ഛയുള്ള ജനജന്തുസമൂഹമെല്ലാ-
മാവേഗമോട്ടുമവിടുന്ന കലർന്നൊഴിഞ്ഞു. ൨൯൨

പാലങ്ങളൊക്കെയുമിളക്കിമറിച്ചു പാർശ്വ-
കൂലങ്കഷപ്രളയവാഹിനി പാഞ്ഞ നാളിൽ,
ആലംബമററവിടെയുള്ള സമസ്തജീവ-
ജാലങ്ങളാത്മപരിരക്ഷ തിരഞ്ഞുഴന്നാർ. ൨൯൩

ആറന്തമററു പെരുകുന്നതുകണ്ടുയർന്ന
പാറപ്പുറത്തഭയമാന്നു പലേ ജനങ്ങൾ;
കീറപ്പഴന്തുണിയുടുത്ത കുചേലനോട്ടു
കൂററരുന്നൊരു കുബേരനുമൊത്തുചേർന്നു. ൨൯൪

അത്യാഹിതം നരനുനല്ലുപദേശപാഠ-
മത്യാദരത്തൊടു കൊടുത്തിടുമെന്നു കാട്ടാൻ,
ശ്രുത്യാത്മവിദ്യ കലരും ദ്വിജരൊത്തു ജാതി-
വ്യത്യാസമററവിടെ വാണിതു പഞ്ചമന്മാർ. ൧൱൫

ഭൂതോയപങ്കമയമാക്കിയ ഭൂരിവർഷ-
വാതോഗ്ര ശക്തി കുറയുംവരെയദ്ധ്വഗന്മാർ,
സ്സീതോദിതോൽക്കലികയോടു വസിച്ചു, ദിവ്യ-
ചേതോഹരാഭ ചിതറുന്ന 'ചിദംബരത്തിൽ.' ൧൱൬

ഉത്തുംഗഗോപുരപരമ്പരതന്റെ പൊക്ക-
മെത്തുന്ന ശൃംഗനിരകൊണ്ടു തുളഞ്ഞ വാനിൽ,
തത്തുല്യമായതി പവിത്രതയുള്ള കോവി-
ലൊത്തുല്ലസിക്കുമൊരു കാഴ്ചയുമില്ല കാണ്മാൻ. ൧൱൭

ഉദ്യൽസുവർണ്ണസുഷമാലയസീമ്നിയാത്മ-
വിദ്യയ്ക്കുഴന്ന പൊരുളായ ചിദംബരേശൻ,
ഹൃദ്യപ്രസന്നമണി പീഠമണിഞ്ഞു ഭക്തി-
മദ്യപ്രമത്തജനരക്ഷ നടത്തിടുന്നു. ൧൱൮

ദീനപ്രണാശനപദാബ്ജയുഗളന്മരന്ദ-
പാനത്തിനിത്തിരുചിദംബരമാം സരസ്സിൽ,
ആനന്ദനർത്തനപരായണരായനന്ത-
സ്ഥാനസ്ഥരാം പരമഹംസരണഞ്ഞിടുന്നു. ൧൱൯

വീണ്ടും, കടുത്ത മഴ മാറിയിളം പ്രകാശം
പൂണ്ടുല്ലസദ്യുമണി വന്നു പുലർന്ന നാളിൽ,
നീണ്ടുള്ള പദ്ധതി നിജപ്രിയതാതനൊത്തു
താണ്ടുന്നതിന്നു തരളാക്ഷി തുനിഞ്ഞുനിന്നു. വൻ൦

മധുമാസം

ശ്രദ്ധാന്വിതം ശ്രമമെടുത്തു നടന്നുപിന്നെ
‘വൃദ്ധാചലാ’ഭിധപുരാണ പുരോദരത്തിൽ,
ശുദ്ധാത്മവൃത്തിയൊടു വന്നുവശായി, വീര-
വൃദ്ധാഗ്ര്യനും തരുണിയും തടവേതുമെന്യേ. വൻഫ

മന്ദം മനോജ്ഞ മധുമാസവിലാസലക്ഷ്മി
മന്ദസ്മിതത്തൊടു കളൂർപ്പൂത്തുമൊട്ടിണക്കി,
സന്ദർശനീയസുഭഗാകൃതി പൂണ്ടു, പുഷ്പ-
വൃന്ദപ്രസാധനമണിഞ്ഞു സമുല്ലസിച്ചു. വൻവ

ചിത്രാംഗഭംഗി കലരും ശലഭങ്ങൾ, ചാരു
പത്രാഭിരാമപതനോൽപതനക്രമത്താൽ,
തത്രാവസിച്ച ജനതയ്ക്കൂഴമിഷ്ടബാല-
പുത്രാവലിക്കു നയനോത്സവമായ്ബ്ഭവിച്ചു. വൻന

മാകന്ദശാഖകളിലേറി മരന്ദബിന്ദു-
പാകം ദഹിക്കുമതിസുന്ദരമാം സ്വരത്തിൽ,
ശ്രീകന്ദളാകൃതി കലർന്ന വിഹംഗമങ്ങ-
ളാകമ്രരാഗരസഗീതികളാലപിച്ചു. വൻര

ശ്രീപാരമേറിയൊരു മാധവമന്ദമാസ-
രൂപാന്തര പ്രകൃതിയിന്ദിര കണ്ടനാളിൽ,
ദീപാഗ്നിപോലെ മുദപട്ടി,ഫലം വിയോഗ-
താപാഗ്നി സമ്പ്രതി പടർന്നു പിടിച്ചിതുള്ളിൽ. ൨൱൩

ദേവാലയങ്ങളെയിതേവിധമാശ്രയിച്ചും,
ജീവാധിനാഥമുഖപത്മമനുസ്മരിച്ചും,
രാവായിടുംവരെ നടന്നു തുലോംകുഴഞ്ഞും-
പ്പൂ വാടിയും ജനകനൊത്തു നതാംഗി പോയാൾ. ൨൱൪

പാരം ദിനങ്ങളൊരുമിച്ചു കലർന്നുകൂടി-
വാരങ്ങളായിത;വ ചേർന്നൊരു മാസമായി,
ചാരത്തണഞ്ഞൃതു ഗമിച്ചു; നവീനവർഷ-
പ്രാരംഭമായി; വഴിയൊട്ടു മുഴക്കെയായി. ൨൱൫

സാർത്ഥ പ്രശസ്തതരനാമമിയന്ന പുണ്യ-
തീർത്ഥങ്ങളാടിയു, മിടയ്ക്കിടെ വിശ്രമിച്ചും,
സ്വാർത്ഥ പ്രസക്തി കുറവാ, യിവരത്ര ഗംഗാ-
തീർത്ഥസ്രവന്തിയുടെ സന്നിധി വന്നുചേർന്നു. ൨൱൬

വാരാണസി.

വാരാർന്നമൂല്യസുകൃതോദയരംഗമായ
വാരാണസിക്കിവരടുത്തു തുടങ്ങിയപ്പോൾ,
ധാരാളമാളുകളഭംഗുരഭക്തിബാഷ്പ-
ധാരാകുലാക്ഷിയൊടു പോവതുമത്ര കണ്ടു. ൨൱൭

കാഷായവസ്ത്രപരിവേഷ്ടിതരായ് വിഭൂതി-
ഭൂഷാവിലേപനകളേബരമോട്ടുകൂടി,
യോഷാവിലാസവിമുഖതചമിയന്നു, ദംഭ-
ദ്വേഷാദിവിട്ടൃഷികളാവഴിപോയിരുന്നു. ൯൦൧

പഞ്ചാക്ഷരങ്ങളുരചെയ്തൊരു യോഗിവയ്യ-
പഞ്ചാനനൻെറ പല ശിഷ്യതപോധനന്മാർ,
സഞ്ചാരികൾക്കു സമയോചിതമായ ഭക്തി-
സഞ്ചാരമുള്ളിലുളവാക്കി വഴിക്കുമേന്മേൽ. ൯൦൨

ഭദ്രാഭമാകിയ ജടാമകുടം വിശുദ്ധ-
രുദ്രാക്ഷമാലയൊടണിഞ്ഞു ദിഗംബരന്മാർ
ചിദ്രാഗലീനഹൃദയത്തൊടിരുന്നു, ശുദ്ധ-
രുദ്രാലയത്തിനു സമീപമൊരാൽച്ചുവട്ടിൽ. ൯൦൩

ധീസങ്കടപ്രദഭവാസുര ഭീമമായാ-
ദാസൻെറ ശൃംഖലയറുത്തുകളഞ്ഞുകൊൾവാൻ,
ആസക്തിയോട്ടു ചിലരത്രഹഠാത്മയോഗാ-
ഭ്യാസക്രമങ്ങളെ യഥാവിധിചെയ്തിരുന്നു. ൯൦൪

പഞ്ചായുധൻെറ പല ചെപ്പടി വിദ്യകൊണ്ടു
നെഞ്ചൊടിടാതെ നെടുനാളടവേറ്റു മെന്ന്യേ,
പഞ്ചാഗ്നിമദ്ധ്യഗതരത്ര തപസ്സുചെയ്തു-
തഞ്ചാതെ കണ്ടിവരടിയ്ക്കൂടി വിസ്മയിച്ചാർ. ൯൦൫

ഏതക്ഷരദ്വയപരിശ്രുതി ഹിന്ദുലോക-
ചേതസ്സു ഭക്തിരസനിഞ്ചിതമാക്കിടുന്നു ?
ഏതത്ഭുത സ്ഥലമനേകകവീശ മഞ്ജു-
ഗീതപ്രധാന വിഷയാസ്പദമായിടുന്നു ? ൱൨

ആകർഷണീയതരദേശവുമേതു ഹിന്ദു-
ലോകത്തിനാകെയതിവിസ്തൃതിപൂണ്ട ഭൂവിൽ ?
ഹാ ! കണ്ണനാഡികളിലേതൊരു ദിവ്യദേശം
മാകന്ദമഞ്ജുളമരന്ദമൊഴിക്കിടുന്നു ? ൱൩

ആകാശഗംഗ വസുധാതലവും പവിത്ര-
മാകാനരീകൃത ഭഗീരഥയാച്ഞയായി
ഭൂകാഞ്ചിയായിത;തിലുള്ളൊരമൂല്യരത്നം
ശ്രീകാശി—ഭാരതധരാഹൃദയം—ലസിപ്പൂ. ൱൪

വാരാണസീപുരി, സുരാപഗയാലുമന്ത-
സ്സാരാഭയത്തടിനി, തൽപുരിയാലുമെന്നും
ആരാദ്ധ്യമാണു; പരമേതിനു മേന്മയെന്നു
പൌരാണികോക്തികളിലും വിവരിപ്പതില്ല. ൱൫

വേദങ്ങളാം മണികളത്ര കലാദസംഘ-
വാദങ്ങളാകുമുരകല്ലിലുരഞ്ഞു മേന്മേൽ
മോദപ്രദാഭയെ വഹിച്ചു മഹാന്ധകാര-
ഖേദസ്ഥരായവരെ നേർവഴി കാട്ടിടുന്നു. ൱൬

ശ്രീവിശ്വനാഥമണിമന്ദിരമായി, വാണീ-
ദേവിക്കു നൎത്തനമനോഹരരംഗമായി,
ഭൂവിങ്കലായ്‌വിബുധാശ്രമമായി, നിത്യ-
മീ വിശ്വവിശ്രുതപുരം വിലസുന്നുവല്ലോ. ൩൧൦

നേരായ് നിരന്തര കൃതാന്യമതപ്രസംഗ-
ഘോരാനിലന്നചലകാഞ്ചന ശൈലമായി,
വാരാണസീപുരമൃഷീശ്വരവൃന്ദസമ്യ-
ഗാരാദ്ധ്യമായ് വിലയമററു വിളങ്ങിടുന്നു. ൩൧൧

ഗംഗാജലത്തിലവരന്നു കുളിച്ചുചേതോ-
രംഗാധിരൂഢദൃഢഭക്തിയൊടൊത്തുകൂടി,
ഗംഗാധരാൎച്ചന കഴിച്ചു വസിച്ചു സാധു-
സംഗാപ്തിയോടുമൊരു സത്രഗൃഹത്തിനുള്ളിൽ. ൩൧൨

പ്രാഥമ്യമുത്തമവിശുദ്ധിയിലുള്ള ഗംഗാ-
പാഥസ്സിലിങ്ങനെ കുളിച്ചിവരാത്തഭക്ത്യാ,
ഗാഥയ്ക്കെഴും മധുരരീതിവഹിച്ച വിശ്വ-
നാഥന്റെ കീൎത്തനമുരച്ചു ഭജിച്ചു വാണു. ൩൧൩

ശ്രീകാശിതന്നിലൊരു 'മണ്ഡലകാല' മന്ത-
ശ്ശോകാപഹാരി ശിവപാദനിഷേവയിങ്കൽ,
രാകാശശാങ്കമുഖി തൽപ്രിയദൎശനാൎത്ഥ-
മേകാഗ്രധീയൊടൊരു സദ്‌വ്രതമാചരിച്ചു. ൩൧൪

ക്രൂടി സ്വനിഷ്ഠയൊടുമീ വ്രതചര്യ, 'കാലം-
ക്രൂടി'ക്കഴിഞ്ഞതിനു ശേഷവുമപ്പുരത്തിൽ
തേടിത്തിരഞ്ഞ 'നിധി' കിട്ടിയതില്ല; പൂമെയ്-
വാടിത്തളൎന്നിതുപവാസതപോബലത്താൽ. ൧൱൫

നിഷ്കാമസേവനമനുത്തമമെന്നു കാട്ടി-
ശ്ശുഷ്കാന്തിയാവഴിയവൾക്കു വളൎത്തുവാനോ?
ദുഷ്കാലചേഷ്ടയുടെ ദുസ്സഹശക്തികൊണ്ടോ?
'ശുശ്രൂഷാനുഭൂതി' വെളിവായതുമാവ്രതത്തിൽ. ൧൱൬

കാലഗതി.

ആരോമലച്ഛനൊരുമിച്ചുതിരിച്ചുവീണ്ടു-
മോരോരു ദിക്കുകളിലുത്തരഭാരതത്തിൽ
ആരോഗ്യമൊട്ടവഗണിച്ചു നടന്നു; വൎഷ-
മോരോന്നു നീങ്ങിയൊരു വിംശതിയും കഴിഞ്ഞു. ൧൱൭

താരുണ്യകമ്രത തടില്ലതവിട്ടു; തൈല-
ചാരുത്വമററിതു മയൂരവരന്റെ വാലിൽ;
ആരുണ്യമേറി കമലത്തിനു വെയ്ലുകൊണ്ടു;
പാരുഷ്യമാൎന്നിതു പയോധരവാൎമുഖങ്ങൾ. ൧൱൮

കാരുണ്യവൃഷ്ടി മൃഗദൃഷ്ടി ചൊരിഞ്ഞു; ലോക-
ഭീരുത്വമററു മതി ശാന്തിവഹിച്ചുയൎന്നു;
വാരുററ വില്ലിനു നടുക്കൊരു വജ്രതാര-
ചാരുപ്രകാശമുളവായ് ചെറുചന്ദ്രനുള്ളിൽ. ൧൱൯

നന്ദാത്മജന്റെയപദാന വിശേഷരംഗ-
വൃന്ദാവനത്തിലവരെത്തിയ വത്സരത്തിൽ,
മന്ദാശയത്ഥിതി പിടിച്ചു പിതാവു ദേവ-
വൃന്ദാലയത്തിനു ഗമിപ്പതിനായ്‌ ക്കിടന്നു. ൩൨൦

സന്ന്യാസവൃത്തികലരുന്നതിവന്ദ്യവൃദ്ധ-
കന്ന്യാജനങ്ങളുടെ കഷ്ടത കണ്ടു കണ്ണിൽ,
ധന്ന്യാംഗി രാധയുടെ സോദരികൾക്കു സാധു-
ജന്ന്യാനുകമ്പയവരോടു തുലോമുദിച്ചു. ൩൨൧

നീലാഭകോലുമൊരു നിർഝരമൊത്തു, വീചീ-
മാലാവിലാസമിയലും യമുനാതടത്തിൽ,
മാലാന്നിവക്കൊരു മലർക്കുടിലായർവാട-
നീലാരവിന്ദമിഴിമാരൊരുമിച്ചു തീർത്തു. ൩൨൨

ദീനംപിടിച്ചു നിജതാതനെയൊട്ടു സാവ-
ധാനത്തിലിന്ദിരയടുത്തൊരു വാസരത്തിൽ,
ഊനംവിനാ കുടിലിലാക്കിയെടുത്തു പാണി-
സൂനങ്ങളിൽ പുതുസഹോദരിമാരുമായി. ൩൨൩

ആതങ്കമേന്തിയൊരു വൃദ്ധന,രിച്ചെടുത്ത
ഗോതമ്പുനെന്മണികളിട്ടു കറന്ന പാലിൽ,
ചേതസ്സിനിഷ്ടകരമാം പടി കഞ്ഞിവെച്ചു
വീതത്തിനായർകുലനാരികൾ നൽകിവന്നു. ൩൨൪

ഘോരം മനസ്സമനുകമ്പിതരായ ഗോപ-
സ്ത്രീരത്നമൌലികളയാൾക്കു പുതച്ചുകൊൾവാൻ,
സ്ഫാരപ്രകാശഗുണമോടു മിനുത്ത പട്ടു-
നാരഞ്ചിടും മൃദുലസാരികളും കൊടുത്തു. ൩൨൪

പച്ചപ്പടർപ്പു തടവും യമുനാതടത്തി-
ലൊച്ചപ്പെടുന്ന 'ദശമൂല' മരത്തെടുപ്പാൻ,
ഉച്ചണ്ഡമായ വെയിലത്തു ഗമിച്ച ഗോപി-
ക്കൊച്ചമ്മമാരുടെ മനസ്ഥിതി മാനനീയം. ൩൨൫

വേരാകെ വെട്ടിയിലവേർപെടുമാറെടുത്തു
നേരായലച്ചു കഴുകിപ്പുതുപാൽക്കഷായം
പാരാതെ പാകത വരുത്തിയൊരുത്തി രോഗ-
ഭാരാകുലന്നു മറപോലെ കൊടുത്തിരുന്നു. ൩൨൬

രോഗാർത്ത നിത്യപരിചര്യയിലുത്തമാത്മ-
ത്യാഗാനുപൂർവ്വമൊരു 'കേസരിഭാഗ' മന്നാൾ,
പ്രാഗാത്മ പുണ്യമെഴുമംബുജനാഭ ഭക്തി-
യോഗാർദ്രമാനസകളങ്ങനെ നിർവഹിച്ചു. ൩൨൭

ഗോപാംഗനാജനസഹായമൊടും മനോഹ-
രാപാംഗി ചെയ്ത പരിചര്യകൾ നാൾക്കുനാളിൽ,
ഹാ! പാഴിലായി, മഴപോലെ മരുസ്ഥലത്തി-
ലാപാദചൂഡമവനാർത്തി മുഴുത്തുവന്നു. ൩൨൮

## പിതൃചരമം.

പ്രാതഃപ്രകാശമൊരുനാളിലുദിച്ചു; മന്ദ-
വാതം കിടപ്പുമുറിയിൽക്കയറിക്കളിച്ചു;
താതൻെറ ശയ്യയൊടടുത്തതിസൂക്ഷ്മദൃഷ്ടി-
പാതത്തൊടിന്ദിരയുണർന്നുവസിച്ചിരുന്നു. ൩൩൦

മന്ദിച്ചിരുന്ന ഹൃദയം സ്വയമേവ വേഗം
സ്പന്ദിച്ചു; സമ്പ്രതി തുറന്നു വിലോചനങ്ങൾ;
സന്നിദ്ധമായ് പരിസരസ്ഥിതി നോക്കിയാത്മ-
നന്ദിന്യനുസ്മൃതി ജനിച്ചു കഥിച്ചു വൃദ്ധൻ:— ൩൩൧

"കേട്ടാലുമെൻെറ മകളേ! തവജീവിതത്തിൽ
കൂട്ടായിതേവരെ നടന്നൊരു താതനിപ്പോൾ
നീട്ടാരയച്ചു? യമുനാസഹജാതനോ? നീ
കൂട്ടാക്കിടാഴ്ക ഖലദുർവിധിചേഷ്ടിതങ്ങൾ. ൩൩൨

"താങ്ങായിരുന്നിതു നിനക്കു കുറച്ചു കാലം;
താങ്ങാക്കി നിന്നെയതിനിപ്പുറമല്ലകാലം;
വാങ്ങാനുമില്ല തരുവാനമൃണം, പിരിഞ്ഞു-
നീങ്ങാനടുത്തു തവ താതനിഹത്തെയിപ്പോൾ. ൩൩൩

## ഒരു രഹസ്യം.

"നീ മാമകീനസുതയായ നിമിത്തമാത്മ-
പ്രേമാനുഭൂതിയടയാനിടയായിടാതെ,
ശ്രീമാനനീയ ഗുണസഞ്ചിത വഞ്ചിരാജ്യ-
സീമാഗ്രഭൂതടബഹിഷ്കൃതയായ്ച്ചമഞ്ഞു. ൩൩൪

"നീയാട്ടെ, നിന്നുടയ കാമുകനാട്ടെ,രാജ-
ന്യായാധികാരമൊടെതിത്തവരല്ല തെല്ലും;
ധീയാടിയഷ്ഷ ഗൃഹമണ്ഡലനായകാഭി-
പ്രായാനുകൂല്യമൊരുനാളിവനാന്നിരുന്നു. ൩൩൫

"അന്നായവണ്ണമൊരു സാഹ്യമവക്കുചെയ്തു
വെന്നായുരപ്പതു യഥാത്ഥ രഹസ്യമത്രേ;
എന്നാലഹോ! നിരപരാധികളാണു നിങ്ങ-
ളെന്നായവസ്ഥയധികാരികൾ വിസ്മരിച്ചു. ൩൩൬

"ആവശ്യമല്ലൊരനുതാപമതിന്നു; രാജ്യ-
സേവയ്ക്കു ഞാൻ ഹൃദയസാക്ഷിയെ ലക്ഷ്യമാക്കി,
ആവണ്ണമന്നു പെരുമാറിയതാണു; ശുദ്ധ-
ദൈവത്തിനൊക്കെയറിയാം പരമാത്ഥസാരം." ൩൩൭

ഏവം നിജാത്മഗതരാഷ്ട്രരഹസ്യമോതി-
ക്കൈവന്ന മാനസികശാന്തി വഹിച്ചു വൃദ്ധൻ,
സൌവണ്ണകാന്തിയെഴമുത്തമസച്ചിദാത്മ-
കൈവല്യസാരമധുരാമൃതമാസ്വദിച്ചു. ൩൩൮

അന്തസ്സെഴുന്ന പിതൃരാഷ്ട്രകഥാംശകത്തി-
ലന്തർഭവിച്ചൊരു രഹസ്യമറിഞ്ഞശേഷം,
സന്തപ്തമാനസമവൾക്കപരാധപൂവ്വ-
ചിന്തയ്ക്കുധീനത വെടിഞ്ഞു സമാശ്വസിച്ചു. ൩൩൯

ധീരോചിതസ്ഥിതിയൊടും ജനകന്റെ നാകീ-
യാരോഹണാർത്ഥിയുടെ ശക്തി കുറെക്കുറയ്ക്കാൻ,
ഓരോരു സാധുപരിസേവകളായർമങ്ക-
മാരോടു ചേൎന്നു പരമിന്ദിരയമ്മ ചെയ്തു. ൩൪൦

ഗോപാലവംശസുകുമാരികളെസ്സവിദ്യാ-
ദീപാഭ ചേൎത്തു സുചരിത്രകളായ് വളൎത്താൻ,
സ്ത്രീ പാഠശാലയുടെ ഭാഷയിലാക്കി രമ്യ-
ശ്രീപാരമുള്ള കുടി'ലമ്മ'യൊരാണ്ടിനുള്ളിൽ. ൩൪൧

താനഭ്യസിച്ചബഹുസംസ്കൃതശുദ്ധഭാഷാ-
ജ്ഞാനത്തെയായർകുലബാലികമാൎക്കു നൽകാൻ,
ആനന്ദമോടുമവൾ ചെയ്ത പരിശ്രമത്തെ
യാനന്ദഗോപ പുരവാസികളാദരിച്ചു. ൩൪൨

ഏഴാണ്ടിനുള്ളിലൊരു കാടു പിടിച്ചു കേറി-
പാഴായ് ക്കിടന്ന യമുനാനദിതൻ തടത്തിൽ,
വീഴാനിരുന്ന കുടിൽ, മങ്കകൾ വിദ്യനേടി-
വാഴാനതാ 'ഗുരുകുലാശ്രമമാ'യ്ച്ചമഞ്ഞു. ൩൪൩

വിദ്യാൎത്ഥിനീജനവിശേഷപരിശ്രമത്താ-
ലുദ്യാനമൊന്നതിവിശാലതയോടുകൂടി
വിദ്യാലയത്തൊടു ഘടിച്ചുകിടന്നു, ബാല-
ഹൃദ്യാവനീരുഹലതാലളിതാഭമായി. ൩൪൪

തോട്ടത്തിലേറിയൊരു ഭാഗമവശ്യസസ്യ-
ക്കൂട്ടങ്ങളാലുമതുപോലൊരു നല്ലഭാഗം
വാട്ടംവെടിഞ്ഞ വരിനെൽകൃഷിയാലുമൊററ
നോട്ടത്തിലാക്ഷമുപയോഗിത കാട്ടിനിന്നു. ൩൪൭

ഗോരക്ഷയിൽ സഹജവാസനയുള്ള ഗോപീ-
സാരംഗലോചനകൾ നല്ലസമത്ഥരാവാൻ'
ഗോരമ്യ ശാലയൊരിടത്തു പശുക്കളോടു-
മീരഞ്ജിതാശ്രമവളർപ്പിലുയന്നു നിന്നു. ൩൪൮

ഈയാശ്രമത്തിന്നടെ ശാഖകളായഖണ്ഡ-
ശ്രീയാർന്ന രണ്ടുപഗൃഹങ്ങളുമുത്ഭവിച്ചു;
പ്രായാനുകൂലമബലാമണികൾക്കു കായ-
വ്യായാമമേകിയതിലൊന്നിഹചേലനെയ്ത്താൽ. ൩൪൯

അദ്ധ്യാന്യതാതനുടെയോമ്മ നിവൃത്തുവാനാ
യിദ്ധപ്രമോദമൊടു'മമ്മ' യതേ വളപ്പിൽ,
സദ്ധമ്മമായ് ലഘുചികിത്സ കൊടുപ്പതിന്നു
വൃദ്ധക്കു കേവലമൊരാതുരശാലതീത്തു. ൩൪൰

അശ്രാന്തമീഗ്ഗുരുകുലാശ്രമരക്ഷയേത്തും
വിശ്രാന്തിവിട്ടു വിമലാശയ ചെയ്തു ഭംഗ്യാ,
സുശ്രാവ്യ സുന്ദരയശസ്സോടു സൌഖ്യ ദുഃഖ-
മിശ്രാത്മജീവിതപയോധി തരിച്ചുവന്നു. ൩൪൱

## കാലഗതി.

കാലം ഗമിച്ചു, ലതമൂത്തു മെലിഞ്ഞു, കുന്ദ-
ജാലം കലുങ്ങി, വിനയധ്വനി വീണയാൎന്നു;
ബാലത്തളിർക്കൊടിവരണ്ടു, വലിഞ്ഞു മേരു-
ശൈലദ്വയം, നളിനവും ചുരുൾകൊണ്ടിരുന്നു. ൩൬൩

ചില്ലിന്നു പററി ചില രേഖകൾ; നൽക്കരിമ്പു-
വില്ലിൻെറ തുള്ളലുകൾ നിന്നു; നിലാവു മേന്മേൽ
അല്ലിൽ പരന്നിതു മുഴക്കെ; നിതംബഭൂമി-
കല്ലിച്ചു; കൈതമലർ കാഞ്ചനകാന്തിവിട്ടു. ൩൬൪

തണ്ടുള്ള താമരകൾ കൂമ്പി; തമോവിലാസം-
കൊണ്ടുള്ള പേടി മതി വിട്ടു തെളിഞ്ഞുനിന്നു;
വണ്ടുണ്ടു വാർമധു; വനശ്വരദിവ്യകാന്തി-
കണ്ടുൽഗളിച്ചു മണിശംഖിനു മഞ്ജുനാദം ൩൬൫

പ്രായം കടന്നളവു ശിഷ്യകളിൽ സമൎത്ഥ-
യായന്യയെ 'ഗ്ഗുരുകുലാശ്രമ' രക്ഷ ചെയ്‌വാൻ
ആയമ്മതന്നെ നിയമിച്ചു; നിതാന്തമാത്മ-
ശ്രേയസ്സിനാതുരനിഷേവണമാചരിച്ചാൾ ൩൬൬

വൃദ്ധാതുരാലയസമാശ്രയമാൎന്ന രോഗി-
വൃദ്ധാവലിക്കു പരിചൎയ്യകൾ നാൾക്കു നാളിൽ
ശ്രദ്ധാസമേതമഭിവന്ദ്യ നടത്തി, വേദ-
സിദ്ധാന്ത വേദ്യപരമേശ്വരസേവചെയ്തു ൩൬൭

അക്കാലമാതുരനികേതന സീമ്നിയൊട്ടു
ദിക്കാകെ മണ്ടിയൊരു തെണ്ടി, മുഷിഞ്ഞമുണ്ടാൽ
മുക്കാലുമുഗ്രതരകുഷ്ഠമഹാഗദത്തിൻ
വക്കാണമേറെറാരു വപുസ്സു മറച്ചുവന്നാൻ. ൱൭൪

കൈകാൽ മുറിഞ്ഞു കടുരക്തമണിഞ്ഞ മെയ്യിൽ
പൂകാനണഞ്ഞ ചെറുപൂച്ചികളോടുകൂടി,
ശോകാകുലത്വമൊടു വന്നതു 'പാതി ചത്തു
ചാകാതിരുന്നൊരു' വയോധികനായിരുന്നു. ൱൭൫

കേണന്നു 'കേരളസരസ്വതി' തൻെറ മഞ്ജു-
വീണയ്ക്കുഴം മധുരമായ മൃദുസ്വരത്തിൽ,
താണത്തുരോഗി ദയനീയത കാട്ടിയാത്മ-
ത്രാണത്തിനർത്ഥനകഴിച്ചു കുഴങ്ങിനിന്നു. ൱൭൬

ആ മാതൃഭാരതിയിലർത്ഥനചെയ്തു, വഞ്ചി-
ഗ്രാമാങ്കസീമനി വളൎന്നൊരു തൻെറ മുമ്പിൽ,
ഭീമാകുലത്വമൊടു നിന്നവനോടനന്യ-
സാമാന്യസൽകൃതി വചസ്സുക'ളമ്മ'ചൊന്നാൾ. ൱൭൭

ഉള്ളിൽ കൃപാരസമൊടാതുരമന്ദിരത്തി-
നുള്ളിൽ പ്രവേശമവനന്നുടനേ കൊടുത്തു;
തള്ളിക്കളഞ്ഞിതു പഴന്തുണി; രോഗശാന്തി-
കൊള്ളിക്കുവാൻ പല ചികിത്സക'ളമ്മ' ചെയ്തു. ൱൭൮

തന്നാട്ടുകാരനവനെന്ന വിചാരമോട-
മന്നാത്തപസ്വിനി ചികിത്സ മുറയ്ക്കുചെയ്തു;
എന്നാലതാഴിയിലൊഴിച്ചമരന്ദബിന്ദു-
വെന്നാവിധത്തിലതിനിഷ്ഫലമായ്ഭവിച്ചു. ൩൱൧

അന്തിക്കടുക്കലൊരു നാളിലവൻെറയുള്ളിൽ-
പൊന്തിപ്പടർന്ന പരിതാപ പരിഭ്രമങ്ങൾ
അന്തിച്ചുകണ്ടരികെ വാണവരോടു ബാഷ്പം
ചിന്തിപ്പറഞ്ഞിതു വചസ്സവനിത്തരത്തിൽ. ൩൱൨

"ആരുഗ്രപാപിയിവനെന്നതു ദേവി, ദിവ്യ-
കാരുണ്യരാശിയറിയേണ്ടൊരു ഘട്ടമായി;
താരുണ്യവേളയിലിവൻ ധനതീക്ഷ്ണതൃഷ്ണ-
ഘോരുന്നവൎക്കു നട്ടുനായകമായിരുന്നു. ൩൱൩

"രണ്ടാമതായ് രസികവേഷമെടുത്തു, തങ്ക-
ത്തണ്ടാർശരൻെറയൊരു സേവകനായിരുന്നു;
തണ്ടാളിയന്നു 'തലകാഞ്ഞു' നടന്നു താപ-
മുണ്ടാക്കിയുല്പലവിലോചനമാൎക്കനേകം. ൩൱൪

"ജ്ഞാനത്തിനാശ കുറവാ, യതുകൂടി മദ്യ-
പാനത്തിനായ് 'തലതിരിഞ്ഞു' നടന്ന കാലം,
ശ്രീനർത്തനാഞ്ചിതമനോഹരവഞ്ചിരാജ്യ-
സ്ഥാനത്തനല്പമൊരു വിപ്ലവമുത്ഭവിച്ചു. ൩൱൫

"വാരാംഗനാമധുധനാഗ്രഹസിദ്ധിയെത്തി-
ച്ചേരാനരാജകതയെപ്പടിയാക്കിയന്നാം,
ആ രാജമന്ത്രിവരനിമ്മിതദുർമ്മദാന്ധ-
ചാരാവലിക്കൊരുപനായകനായ് ച്ചമഞ്ഞേൻ. ൩൩

"അപ്പോളടിയ്ക്കൂടി വെറും ചതിചെയ്തു കള്ള-
റിപ്പോർട്ടുകൊണ്ടു പലരേയുമുപദ്രവിച്ചു;
അപ്പോരിലീ നിരാപരാധിനി ദേവിയേയു-
മപ്പോലെ കാമുകനെയും പകയാൽ കുരുക്കി. ൩൪

"ചാരപ്രവൃത്തിയിലെടുത്ത ചതിക്കു മന്ത്രി-
വീരൻ പിടിച്ചൊടുവിലെന്റെ 'പുറപ്പുറമ്പിൽ'
ചൂരപ്പുരമ്പിനു 'പെരുംകുളമൊന്നു കുത്തി'-
ദ്ദൂരത്തു സമ്പ്രതി ബഹിഷ്കൃതനാക്കിവിട്ടാൻ. ൩൫

"തെണ്ടിത്തിരിഞ്ഞു പലടത്തു; മതോടുരോഗ-
ക്കുണ്ടിൽപ്പതിച്ചു; പുനരേതൊരു ശക്തിയാലോ
മണ്ടിക്കുഴഞ്ഞിവിടെവന്നിതു; ദേവിയെന്നെ-
ക്കണ്ടിട്ടു തെല്ലുമറിയാതെയിരുന്നിടുന്നു. ൩൬

"ഒന്നല്ലസംഖ്യദുരിതങ്ങളുമത്ര ചെയ്തു;-
വെന്നല്ല ലോകപതിയെത്തൃണവൽഗണിച്ചു;
വന്നല്ലലോ ബഹുസദുസ്സ്പൃഹ; മിന്നു മാപ്പു-
തന്നമ്മയെന്നെയലിവോടു മനുഗ്രഹിക്കു." ൩൭

കഷ്ടിച്ചുരച്ചിതവ; നമ്മ കൃപാർദ്രദിവ്യ-
ദൃഷ്ടിപ്രശാന്തരുചിതൂവിയനുഗ്രഹിച്ചു;
സൃഷ്ടിസ്ഥിതിപ്രളയകാരണഭൃത്യകാല-
യഷ്ടിക്കു കീഴവനമന്നടനേകിടുന്നു. നമെ

പങ്കസ്ഥിതൻെറ ചരിതത്തിലഹോ; തനിക്കു
പങ്കല്പമുള്ളതു ധരിച്ചവരാംതൻെറ കണ്ണിൽ
തങ്കപ്പളുങ്കുമണി രണ്ടു ജനിച്ചു; ദൈവ-
സങ്കല്പമത്ഭുത മഹാത്ഭുതമായിരിപ്പൂ!! നമൈ

### രജതോത്സവം.

ഈവത്സരത്തിലൊരുവാസര,മാശ്രമത്തിൻ
ശ്രീവർണ്ണനീയ 'രജതോത്സവ' മംഗളത്താൽ,
ലാവണ്യസങ്കലിതമായിതു, ബാലകൃഷ്ണ-
ദേവൻെറ ശോഭതിരളും തിരുനാളുപോലെ. നമെ

വിദ്യാലയം, വിലപിടിച്ച നെയിത്തുശാല,-
യുദ്യാന, മാതുരനികേതനവും വിശേഷാൽ,
ഹൃദ്യാഭയോടു സമലംകൃതമായി, സർവ്വ-
വിദ്യാർത്ഥിനീകൃതനിതാന്ത പരിശ്രമത്താൽ. നമെ

വൃന്ദാവനത്തിലമരുന്ന ജനം—വിശിഷ്യ
മന്ദാരമഞ്ജുലലളിതാംഗിക—ളാശ്രമത്തിൽ,
നന്ദാത്മജൻെറയൊരു കോവിലിലെന്നപോലെ,
മന്ദാക്ഷഭക്തിരസമോടു സമാഗമിച്ചാർ. നമെ

നീലാരവിന്ദമിഴിമാരൊരുമിച്ചു രാസ-
ലീലാവിലാസരസമാന്നതുപോലെ,യന്നാൾ
കോലാഹലത്തൊടു കളിച്ചു രസിച്ചു, പാഠ-
ശാലാവിമോഹന മഹത്തിനു മോടിചേർത്തു. ൱൧൩

ഗോപീജനങ്ങളതുനാളിലവശ്യമമ്മ-
യ്ക്കാപീനമോദമൊരു 'മംഗളപത്ര'മേകാൻ
രൂപീകരിച്ചിതൊരു യോഗ; മതിങ്കലഗ്ര-
ശ്രീപീഠമന്നൊരു മഹർഷിയലങ്കരിച്ചു. ൱൧൪

അദ്ധ്യക്ഷനായൊരു വയോധികയോഗി, വംഗ-
മദ്ധ്യസ്ഥപണ്ഡിതശിരോമണിയായിരുന്നു;
ബുദ്ധ്യത്യഗാധതയൊടും ഭവപാശമുക്തി-
സിദ്ധ്യർത്ഥമാത്മബലി ചെയ്യുവനായിരുന്നു. ൱൧൫

പുഷ്യൽപ്രകാശമിയലുന്ന സുവർണ്ണവർണ്ണ-
മക്ഷ്യക്ഷരസ്ഫുരിതമംഗളപത്രമപ്പോൾ
ശിഷ്യത്തിയാം വിദുഷിയേക, മരന്ദബിന്ദു-
നിഷ്യന്ദിയായ് സദസി വായന ചെയ്തു ഭംഗ്യാ. ൱൧൬
തേൻ പാണിയായ്.

വായിച്ചു ശിഷ്യ;യതു വാങ്ങി മഹർഷിയമ്മ-
യ്ക്കായിക്കൊടുപ്പതിനു തന്റെ കരാംബുജത്തിൽ
സ്ഥായിക്കെടുത്തവിടെ നിന്നിതു; 'വന്ദ്യ' മന്ദ-
മായിട്ടണഞ്ഞു മണി പീഠസമീപഭൂവിൽ. ൱൧൭

### പുനർദർശനം.

സുന്ദരാശയമിയന്ന മംഗളസുവർണ്ണ
    പത്രിക കൊടുക്കുവാൻ
മന്ദഹാസമൊടുമാ 'മഹർഷി'യു, മുരീ-
    കരിക്കുവതിനാദരാൽ
മന്ദമമ്മയുമടുത്തുനിന്നു; തെളിവാർന്ന
    ദൃഷ്ടികളിടഞ്ഞു; ഹൃൽ-
സ്പന്ദനത്തൊടു തിരിച്ചറിഞ്ഞിതു പരസ്പരം
    പ്രണയരാശികൾ.                സ.വ്യം.

കൈവിറച്ചതുകൊടുത്തു രാമ-നൃഷി—;യമ്മ-
    ഇന്ദിര—യതേവിധം
മെയ്‌വിയർപ്പൊടതു വാങ്ങി; യത്ഭുത പുനഃ
    പരസ്പര പരീക്ഷണം
ജീവിതത്തിലഭിവന്ദ്യ വൃദ്ധതയിലെത്തി;
    സാധുജനസേവന-
ശ്രീവിശുദ്ധിവഴി പോയി വീണ്ടുമിവരാത്മ-
    മുക്തിപദമാർന്നുപോൽ.                സ.വ്യ.

ശുഭം.

# ഗ്രന്ഥകൎത്താവിന്റെ മററു കൃതികൾ.

| | | അണ. |
|---|---|---|
| ൧. | പ്രകൃതി | ൧൨ |
| ൨. | ക്രിസ്ത്വവതാരം | ൮ |
| ൩. | സുമിത്ര | ൧൨ |
| ൪. | വിദ്യാലയവിനോദങ്ങൾ :—<br>൫ ഭാഗങ്ങൾ | ൧൨ |
| ൫. | ഭാൎഗ്ഗവി | ൬ |
| ൬. | ഭാഗീരഥി | ൬ |
| ൭. | ഭവാനി | ൬ |
| ൮. | കുരുംബ | ൩ |
| ൯. | ദേവൻ | |
| ൧൦. | ദേവള്ളി കൊട്ടാരത്തിൽ | ൩ |
| ൧൧. | ആംഗലസാമ്രാജ്യം | ൩ |
| ൧൨. | വീരവിനോദം | ൪ |

# ഇന്ദിര



എം. ആർ. കൃഷ്ണവാരിയർ, ബി. ഏ., എൽ. ററി.